പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജൂൺ 2020




യാത്രാമംഗളങ്ങൾ...
ഫാ. റോജൻ പുരയ്ക്കൽ
ഫാ. സോണി പള്ളിച്ചിറയിൽ
സ്വാഗതം...
ഫാ. അലൻ വെട്ടുകുഴിയിൽ
ഫാ. റിജോ ഇടമുറിയിൽ

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിയുമ്പോൾ



മുഖമൊഴി 01


02 ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 95- ാം ചരമവാർഷികവും ദൈവദാസി ഷന്താളമ്മയുടെ 48-ാം മരണവാർഷികവും


വി. കുർബാനയുടെ പ്രേഷിതൻ 07


08 കുര്യാളശ്ശേരി പിതാവും വിദ്യാഭ്യാസ ദർശനവും


വികാരിയച്ചന്റെ കത്ത് 13


19 കനിവിന്റെ മാലാഖ


കാലഘട്ടത്തിന്റെ ഇടയൻ 21


26 ഒരു നിരീക്ഷണ പറക്കൽ



ജൂൺ 2020

ലക്കം 7

വാല്യം 6

<u>*മാനേജിംഗ് എഡിറ്റർ:*</u>

വെരി. റവ. ഫാ. കുര്യൻ പുത്തൻപുര

9447016151

<u>*ചീഫ് എഡിറ്റർ:*</u>

റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ

9544416627

<u>*എക്സി. എഡിറ്റേഴ്സ്:*</u>

റവ. ഫാ. മാത്യു മറ്റം

9847660057

റവ. ഫാ. അലൻ വെട്ടുകുഴിയിൽ

7012116384

റവ. ഫാ. റിജോ ഇടമുറിയിൽ

9497801968

<u>*കൈക്കാരന്മാർ:*</u>

കുര്യച്ചൻ ഒളശ്ശയിൽ

സി. വി. തോമസ് ചെറ്റക്കാട്

റ്റോജോ പടനിലം

<u>*കമ്മറ്റിയംഗങ്ങൾ:*</u>

ഡോ. ജെ. ജി. റേ

ഡോ. സോണി കണ്ടങ്കരി

ജോസ് കാട്ടടി

ജിജി തോമസ് പേരകശ്ശേരി

റ്റോജോ പടനിലം

<u>*പാരിഷ് കൗൺസിൽ സെക്രട്ടറി:*</u>

കൊച്ചുറാണി പനച്ചിക്കൽ

Layout & Printing:-

St. Joseph Orphanage Press

Changanacherry

Ph: 0481 2410101

E-mail: sjopresschry@gmail.com

# നവതി ആശംസകൾ



## ശ്രീ. കെ.ജെ. ചാക്കോ
### കല്ലുകളം

**കല്ലുകളം കുടുംബയോഗം**



# പാവനസ്മരണയ്ക്ക്



**ജോസഫ് തോമസ്**
**അപ്പച്ചൻ**

മരണം : 28.03.2000

**റോസമ്മ തോമസ്**

മരണം : 04.11.2010



## പേരകശ്ശേരി, മറ്റം
## ചങ്ങനാശ്ശേരി







നവതിയുടെ നിറവിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവ്...

## ഇടവകദിനാഘോഷം











## പിണ്ടികുത്തി തിരുനാൾ



## സഭൈക്യ സംഗമം

## ഇടവകദിനാഘോഷത്തിൽ നിന്നും...

















# പുണ്യപിതാവിന്റെ ഓർമ്മദിനത്തിൽ...







ചാസ് ഓഫീസിന്റെ ഉദ്ഘാടനം



മഹാമാരിയിൽ ഇടവകയുടെ കൈത്താങ്ങ്



95-ാം ചരമവാർഷികത്തിന്റെ ഓർമ്മയ്ക്കായി...



തിരുനാൾദിനത്തിൽ വിതരണം ചെയ്ത കിറ്റുകളുടെ വെഞ്ചരിപ്പ്



95-ാം ചരമവാർഷികത്തോടനുബന്ധിച്ച് മദർതെരേസ ഫൗണ്ടേഷൻ
സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ സ്മൃതിദീപം

## വചനജ്യോതി പ്രയാണം









സ്നേഹസ്മരണയ്ക്ക്
പി.സി. മാത്യു
മരണം: 01.12.2015
മേരിക്കുട്ടി മാത്യു
മരണം: 22.02.2019
ചക്കാല
പോത്തോട്, ചങ്ങനാശ്ശേരി

# സ്നേഹസ്മരണയ്ക്ക്



# കെ.പി.അന്തോനിച്ചൻ

**കരിങ്ങട**

**ചങ്ങനാശ്ശേരി**

# ARCHBISHOP KAVUKATTU MEMORIAL PUBLIC SCHOOL & JUNIOR COLLEGE

**Affiliated to CBSE, New Delhi. Reg.No. 930862**

BY PASS ROAD, MORKULANGARA, CHANGANACHERRY - 3

**Ph : 0481 - 2402161, 8848682677**

email : akmschoolchrry@gmail.com, Website : www.akmpublicschool.in

**ADMISSION** Play Class, KG To Class IX and Class XI

**STREAMS**

1. PCMB (Physics, Chemistry, Maths, Biology)
2. PCBM (Physics, Chemistry, Biology, Malayalam)
3. PCMC (Physics, Chemistry, Maths, Computer)

COMMERCE

4. Accountancy, Economics, Business Studies and IP

## Our Specialities

- Dedicated and Experienced Staff
- Technology enabled class rooms with interactive Digiborad systems
- Modernized Computer lab, Maths lab, Science labs & Library.
- CCTV Surveillance of whole campus.
- Daily SMS system.
- Transportation facilities.
- Kids park.



Entrance Coaching by Brilliant Study Centre Pala is available for Class XI and XII

**Cricket Coaching by KCA and Basketball coaching by KBA**





Mary Rani School was started in 1993 by the Adoration Sisters. This is an un-aided English Medium School which follows the CBSE Curriculum.

**WHAT MAKES US DIFFERENT**

Technology enabled classrooms
Guidance & Councelling Cell
Entrance coaching by Brilliant, Pala
Well experienced & Dedicated staff
Career Oriented Programmes
Modernized computer & science labs
Excellent coaching in Basketball, Football, Cricket & Badminton
Hostel for Boys & Girls

**COURSES OFEERED (PLUS ONE)**

PCMB (Eng, Phy, Che, Maths, Bio)
PCMC (Eng, Phy, Che, Maths, Comp)
Comm/IP (English, Accountancy, Business S,Eco, IP )
Comm/Maths (Eng, Accountancy, Business S, Eco, Maths)
Bio/Mal (Eng, Phy, Che, Mal, Bio)
Bio/Comp (Eng, Phy, Che, Mal, Comp)
Bio/Hindi (English,Physics, Chemistry, Hindi, Biology )
Bio/Physical Education (English, Physics, Chemistry, Physical Education, Biology)




**MARY RANI PUBLIC SCHOOL & JUNIOR COLLEGE**
(Affiliated to CBSE, New Delhi, Affiliation No. 930377)
Laikad, Perunna P.O, Changanassery. Ph:0481-2400699
Email: maryranischool@yahoo.co.in, Website: www.maryranipublicschool.edu.in

"Love, Sacrifice,Service"




# Infant Jesus
## ENGINEERING WORKS

Near Anandasram, Changanacherry 686 101
Ph: 9447660251, 0481 2429901

**Cast Iron Gate & Grills,, Stainless Steel Railing Work, Steel Windows, Heavy Steel Fabrication, Poly Cardonate Sheet Roofing, Any type of Steel Furnitures, All type of Roofing Works, V Panel Wall Works, Ceiling Work, Mosquito Net, Rolling Shutter etc.**

സ്നേഹനിർഭരമായ ജീവിതത്തിലൂടെ ഞങ്ങളെ വളർത്തിയ
വാത്സല്യമാതാപിതാക്കളുടെ ദീപ്തസ്മരണയ്ക്കുമുമ്പിൽ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ



**മാത്യു ജോൺ & അന്നമ്മ മാത്യു**
ഏലംകുന്നം, കത്തീഡ്രൽ വാർഡ്

Asianet digital
Asianet Broadband

**ഏഷ്യാനെറ്റ് / ഇന്റർനെറ്റ്**

കണക്ഷനുകൾക്കും
കസ്റ്റമർ സർവ്വീസിനും

ബന്ധപ്പെടുക:
0481 2424612

# തിരുനാൾ
## ദിനങ്ങളിലൂടെ...












# സ്നേഹസ്മരണയ്ക്ക്



## പ്രൊഫ. കെ.കെ. ജോൺ

**കുരിശിങ്കൽപറമ്പിൽ**

ജനനം: 21.09.1932 മരണം: 30.01.2020

St Joseph Orphanage Press, Chry Tel: 0481 2410101

# അകലം

**ലോക്ഡൗൺ** ദിനങ്ങളിൽ ആവർത്തിച്ചു കേട്ടിരുന്ന ചോദ്യങ്ങൾ: ''അച്ചാ, പള്ളിയെന്നാ തുറക്കുന്നത്? അച്ചാ, ഞാനും പള്ളിയിലൊന്ന് വന്നോട്ടെ, ഒരു ദിവസമെങ്കിലും?'' മറുവശത്ത് ''ഓ!, ഇനി കുർബാനയിലൊക്കെ പങ്കെടുക്കുന്നത് എന്തിന്? പള്ളിയിൽ പോകുന്നതെന്തിന്?'' സാമൂഹിക അകലത്തോടൊപ്പം മനസ്സിന്റെ അകലം വർദ്ധിക്കുന്നു, വിശ്വാസത്തിൽ അകലം വർദ്ധിക്കുന്നു - ഖേദകരം തന്നെ.

അകലങ്ങൾ ഇന്ന് വർദ്ധിക്കുന്നു. വിശ്വാസത്തിൽ അകൽച്ച സംഭവിച്ചുപോയി ചിലർക്കെങ്കിലും.... മുണ്ടും ചട്ടയും ഇസ്തിരിയിട്ട് പള്ളി തുറക്കാൻ കാത്തിരിക്കുന്ന അമ്മച്ചിമാരും ദൈവാലയ പരിസരങ്ങളെ ഓർമ്മയിൽ സൂക്ഷിക്കാൻ ആഴ്ചയിൽ പലവട്ടം ദൈവാലയ പരിസരങ്ങളെ ചുറ്റി നടക്കുന്ന അച്ചായന്മാരും ഈ നാളുകളിലെ കാഴ്ചയായിരുന്നു. ''അച്ചാ ഞാനൊന്നു കുർബാനയ്ക്കു കൂടാൻ വന്നോട്ടെ'' എന്ന് ആവേശത്തോടെ തിരക്കുന്ന കുഞ്ഞുങ്ങളുമുണ്ടായിരുന്നു ഇവിടെ. പല ഭവനങ്ങളും ദൈവാലയങ്ങളായി മാറി.

വിശ്വാസം; അത് പടിപടിയായി വളർന്നതാണല്ലോ. കുഞ്ഞുനാളിൽ അമ്മയുടെ ഒക്കത്തിരുന്ന് അമ്മയ്ക്കു മാത്രമായി നൽകിയ അപ്പത്തിനായി (കുർബാനയ്ക്കായി) 'എനിക്കും വേണം അപ്പം' എന്ന് വാശി പിടിച്ചത്, എന്റെ വിശ്വാസത്തിന്റെ തുടക്കമായിരുന്നു. ആദ്യകുർബാന സ്വീകരണദിനങ്ങളിൽ ആവേശത്തോടെ പള്ളിയിലെത്തി ഈശോയെ സ്വീകരിച്ചതും എത്രയും വേഗം അൾത്താര ശുശ്രൂഷിയായതും എന്റെ വിശ്വാസമായിരുന്നു. പരീക്ഷാനാളുകളിൽ ഹാൾടിക്കറ്റും പേനയുമൊക്കെ പള്ളിയിൽ കൊണ്ടുവന്ന് വെഞ്ചരിച്ചതും എന്റെ വിശ്വാസമായിരുന്നു. യാത്രകൾക്കുമുമ്പായി ഞാൻ എന്റെ നെറ്റിയിൽ വരച്ച കുരിശും എന്റെ വിശ്വാസത്തിന്റെ ഭാഗമായിരുന്നു. ഇങ്ങനെ പലതും...

എങ്കിലും എവിടെയൊക്കെയോ നമ്മുടെ വിശ്വാസത്തിൽ ഇളക്കങ്ങൾ സംഭവിക്കുന്നില്ലേ. നമുക്കും ഇനി പ്രാർത്ഥിച്ചു തുടങ്ങാം, 'കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ...'

സ്നേഹപൂർവ്വം,

**വർഗീസച്ചൻ**

> പ്രേഷിതപ്രവർത്തനം എല്ലാ ക്രൈസ്തവരും മാമ്മോദീസയിലൂടെ ഏറ്റെടുക്കുന്ന ധർമ്മമാണെന്നും, മിശിഹായുമായുള്ള വ്യക്തിബന്ധം, പ്രാർത്ഥന, പരിത്യാഗം, പരസ്നേഹ പ്രവർത്തികൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ എല്ലാവർക്കും സാധിക്കുമെന്നും പിതാവ് വ്യക്തമായി പഠിപ്പിച്ചു.

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 95- ാം ചരമവാർഷികവും ദൈവദാസി ഷന്താളമ്മയുടെ 48-ാം മരണവാർഷികവും

മാർ ജോസഫ് പെരുന്തോട്ടം

**ആഘോഷങ്ങളും** ആചരണങ്ങളുമെല്ലാം കൊറോണ വ്യാപനത്തിന്റെ ഭീതിയിൽ ആഗോളതലത്തിൽത്തന്നെ പരിമിതപ്പെടുമ്പോൾ, ഇത്തരം സാഹചര്യങ്ങളെ പൂർവ്വികർ അതിജീവിച്ചതെങ്ങനെ എന്നറിയുവാനും ആന്തരികതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് അനുസ്മരണാദിനങ്ങൾ അനുഭവവേദ്യമാക്കുവാനും ഇക്കാലഘട്ടത്തിൽ നമുക്ക് ഏറെ അവസരങ്ങൾ ലഭിച്ചു. ഈ സാഹചര്യം തുടരരുന്നതിനാൽ, May - 25, June - 2 ദിവസങ്ങളിൽ നമ്മൾ പ്രത്യേകമായി അനുസ്മരിക്കുന്ന ദൈവദാസി ഷന്താളമ്മയുടെയും ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെയും ദിനാചരണങ്ങൾ അതതു ദിവസങ്ങളിൽ അതിരമ്പുഴയിലും ചങ്ങനാശ്ശേരി കത്തീഡ്രൽപള്ളിയിലുമായി പരിമിതപ്പെടുത്തി.



സീറോമലബാർ സഭയുടെ വളർച്ചാഘട്ടത്തിൽ ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് ആഴമായ വിശ്വാസത്തിലധിഷ്ഠിതമായ അജപാലന ശുശ്രൂഷയ്ക്ക് അടിത്തറ പാകിയ നല്ല ഇടയൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് നമ്മോടു വിടപറഞ്ഞിട്ടു 95 വർഷങ്ങൾ പൂർത്തിയാകുന്നു. കേരള ക്രൈസ്തവർ ഭക്ത്യാദരപൂർവ്വം 'ദിവ്യകാരുണ്യ പ്രേഷിതൻ'എന്നനുസ്മരിക്കുന്ന വന്ദ്യപിതാവ്, ദാനമായി ലഭിച്ച വിശ്വാസവും ദൈവസ്നേഹവും വർദ്ധിപ്പിച്ചു പങ്കുവയ്ക്കേണ്ടതെങ്ങനെയെന്ന് സ്വജീവിതത്തിൽ അഭ്യസിക്കുകയും അതിന്റെ പ്രാധാന്യം ദൈവജനത്തിന് മനസിലാക്കികൊടുക്കുന്നതിന് ജാഗ്രത പുലർത്തുകയും ചെയ്തു. 'സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്'എന്ന് ആധികാരികമായി പഠിപ്പിച്ചത് 2-ാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിലൂടെയാണെങ്കിൽ അതിന് എത്രയോ വർഷങ്ങൾക്കു മുൻപു തന്നെ, പ്രേഷിതപ്രവർത്തനം എല്ലാ ക്രൈസ്തവരും മാമ്മോദീസയിലൂടെ ഏറ്റെടുക്കുന്ന ധർമ്മമാണെന്നും, മിശിഹായുമായുള്ള വ്യക്തിബന്ധം, പ്രാർത്ഥന, പരിത്യാഗം, പരസ്നേഹപ്രവർത്തികൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ എല്ലാവർക്കും സാധിക്കുമെന്നും പിതാവ് വ്യക്തമായി പഠിപ്പിച്ചു. 'നമുക്കുവേണ്ടി മാത്രമല്ല അന്യർക്കുവേണ്ടിക്കൂടെയും നമുക്ക് വിശ്വാസത്തിന്റെ പ്രകാശം തരപ്പെട്ടിരിക്കുന്നു എന്നു നാം നല്ലവണ്ണം ഓർക്കണം' എന്ന് 27-ാം നമ്പർ ഇടയലേഖനത്തിലൂടെ ഉദ്ബോധിപ്പിച്ച പിതാവിന്റെ പ്രേഷിതതീക്ഷ്ണത നമ്മെ എല്ലാവരെയും പ്രചോദിപ്പിക്കുന്നതുതന്നെ. നിരന്തരമായ ദൈവാരാധനയിലൂടെയും ജനോപകാരപ്രദമായ പ്രേഷിതവേലകളിലൂടെയും ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി എന്നും അദ്ധ്വാനിക്കുവാൻ വി.കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹത്തിനു രൂപം കൊടുത്ത പിതാവിന്റെ മറ്റൊരു സ്വപ്നമായിരുന്നു വൈദികരുടെ ഒരു പ്രേഷിതസമൂഹം സ്ഥാപിക്കുകയെന്നത്. സ്വർഗ്ഗത്തിലായിരുന്നുകൊണ്ട് MCBS സമൂഹത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന ദൈവനിയോഗം കണ്ട് അദ്ദേഹം ആനന്ദിക്കുന്നുണ്ടാവും.

ചെറുപ്പം മുതൽ ഉത്തമ ക്രൈസ്തവ ജീവിതമാതൃക കണ്ടു പഠിക്കുവാൻ അവസരം ലഭിക്കുകയും ലൗകീകനേട്ടങ്ങൾക്കു വേണ്ടി അദ്ധ്വാനിക്കുന്നതിനേക്കാൾ ആത്മീയാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്ത പിതാവ് റോമിൽ വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ, തിരിച്ചു നാട്ടിലെത്തി തന്റെ ദേശത്തിന്റെ

സാംസ്കാരികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുകയും അവ ഡയറിയിൽ രേഖപ്പെടുത്തി, ഓരോന്നും പൂർത്തിയാക്കുവാൻ വി. കുർബാനയിൽ നിന്നും ശക്തി സംഭരിച്ചു കൊണ്ട് പരിശ്രമിക്കുകയും ചെയ്തു. വികാരിയായിരുന്ന ദൈവാലയങ്ങളിലെല്ലാം വിശ്വാസികളുടെ ഭക്തജീവിതത്തെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന കൂട്ടായ്മകളും, സഖ്യങ്ങളും രൂപീകരിക്കുവാനും വി. കുർബാനയോടുള്ള ഭക്തിയും പരിശുദ്ധ അമ്മയോടുള്ള സ്നേഹവും വിശുദ്ധരോടുള്ള ആദരവും വളർത്തിയെടുക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

നല്ല വിദ്യാഭ്യാസത്തിലൂടെ മാത്രമേ, അജ്ഞതയും അന്ധവിശ്വാസവും ഉന്മൂലനം ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ പിതാവ് പ്രായോഗികപരിമിതികളെയും പ്രശ്നങ്ങളെയും അതിജീവിച്ചു അടിസ്ഥാന വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസംവരെയും രൂപതയുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സ്ത്രീ വിദ്യാഭ്യാസവും വനിതാ സമുദ്ധാരണവുമെല്ലാം വൈദിക ജീവിതത്തിന്റെ ആരംഭം മുതൽ കർമ്മമണ്ഡലത്തിന്റെ നിയോഗങ്ങളായി സ്വീകരിച്ചു. വ്യക്തിജീവിതത്തിൽ ശാന്തതയും വിനയവും മുഖമുദ്രയായി സ്വീകരിച്ച തോമാച്ചൻ എല്ലാ രംഗത്തും സഹോദരസൗഹൃദവും സഹകരണവും നേടുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. കുട്ടികളുടെ നല്ലവളർത്തലിൽ മാതാപിതാക്കൾക്കുണ്ടായിരിക്കേണ്ട ഗൗരവമേറിയ ഉത്തരവാദിത്വത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'നിങ്ങൾ ദൈവത്തിനും സ്വർഗ്ഗത്തിനും വേണ്ടി നിങ്ങളുടെ കുട്ടികളെ വളർത്തുന്നില്ലെങ്കിൽ പിശാചിനും നരകത്തിനും വേണ്ടി അവരെ വളർത്തുന്നു. ഇങ്ങനെ ചെയ്യുന്നവർ ദൈവത്തിന്റെ പക്കൽ എത്ര കഠിനമായ കണക്ക് ഏല്പിക്കേണ്ടിവരും!' (PL.28).

ദൈവത്തിന്റെ അനന്തപരിപാലനയിൽ 'മിശിഹായിൽ എല്ലാം നവീകരിക്കുക' എന്ന ആദർശവാക്യവുമായി രൂപതാഭരണം ഏറ്റെടുത്ത നാൾ മുതൽ രൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായ അദ്ദേഹത്തിന്റെ ശ്രദ്ധ, ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങൾ മുതൽ നാം കടന്നു ചെന്നിട്ടില്ലാത്ത മിഷൻ മേഖലവരെയും എത്തിപ്പെട്ടു. ക്രൈസ്തവരും അക്രൈസ്തവരുമെല്ലാം അദ്ദേഹത്തിന് സ്വന്തം. ജാതിവ്യവസ്ഥ കൊടികുത്തിവാണിരുന്ന കാലത്തും ദളി

തരും ദരിദ്രരുമെല്ലാം അദ്ദേഹത്തിന്റെ പരിഗണനയ്ക്ക് പാത്രമായി.

ഒരു സാമൂഹിക പരിഷ്കർത്താവെന്നനിലയിൽ തിന്മകൾക്കെതിരേ പ്രതികരിക്കാനും തൂലിക ചലിപ്പിക്കാനും പിതാവിന് ഒട്ടുമേ ഭയമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, ഭവിഷ്യത്തുകൾ മുൻകൂട്ടിക്കണ്ടുകൊണ്ട് തീരുമാനമെടുക്കുവാനും നടപടികൾ സ്വീകരിക്കുവാനും സദാ ശ്രദ്ധാലുവുമായിരുന്നു സഭാകൂട്ടായ്മയിൽ നിന്ന് അകന്നുമാറിയവരെ തിരികെയെത്തിക്കുവാനും ക്രൈസ്തവമൂല്യങ്ങളും സഭാപാരമ്പര്യങ്ങളും ജനങ്ങൾക്ക് മനസിലാകും വിധം അവസരോചിതം വ്യാഖ്യാനിച്ചുകൊടുക്കുവാനും, സർവ്വോപരി കർത്താവിന്റെ ഇടയൻ എന്ന നിലയിൽ വി. കുർബാനയോടു ചേർന്നുനിന്നു അജഗണങ്ങൾക്കു സംരക്ഷണമുറപ്പുവരുത്തുവാനും ശ്രദ്ധിച്ചിരുന്ന കുര്യാളശ്ശേരി പിതാവിന്റെ പഠനങ്ങളെ നമുക്കും ചിന്താവിഷയമാക്കാം.

> നിങ്ങൾ ദൈവത്തിനും സ്വർഗ്ഗത്തിനും വേണ്ടി നിങ്ങളുടെ കുട്ടികളെ വളർത്തുന്നില്ലെങ്കിൽ പിശാചിനും നരകത്തിനും വേണ്ടി അവരെ വളർത്തുന്നു. ഇങ്ങനെ ചെയ്യുന്നവർ ദൈവത്തിന്റെ പക്കൽ എത്ര കഠിനമായ കണക്ക് ഏല്പിക്കേണ്ടിവരും!

COVID-19 നമ്മെയെല്ലാവരെയും ഒരു പ്രത്യേക ജീവിതസാഹചര്യത്തിലൂടെ കടന്നുപോകുവാൻ നിർബന്ധിക്കുമ്പോൾ, കുര്യാളശ്ശേരിപ്പിതാവ് എടത്വ വികാരിയായിരിക്കുമ്പോൾ നാട്ടിൽ പടർന്നു പിടിച്ച 'കോളറ'യുടെ ഓർമ്മ ചിലരുടെയെങ്കിലും മനസ്സിലുണർന്നിട്ടുണ്ടാകും. ആരും വീടുകളിൽനിന്ന് പുറത്തിറങ്ങാൻ ധൈര്യപ്പെടാതെ, ഒന്നിനുപിറകെ ഒന്നായി അനേകർ മരണത്തിനു വിധേയരായപ്പോൾ വീടുവീടാന്തരം കയറിയിറങ്ങി രോഗീലേപനം നൽകുകയും അവരെ ആശ്വസിപ്പിക്കുകയും സംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്ത യുവവൈദികൻ ഒരു നാടിന്റെ ആശ്വാസദീപമായിരുന്നു. അവസാനം എടത്വാ പുണ്യാളനായ വി. ഗീവർഗ്ഗീസിന്റെ തിരുസ്വരൂപം എഴുന്നള്ളിച്ചുകൊണ്ടു നടത്തിയ നഗരപ്രദക്ഷിണവും അതേത്തുടർന്നുണ്ടായ രോഗശമനവുമെല്ലാം കേരള ചരിത്രത്താളുകളിലെ വിശ്വാസമാതൃകകളാണ്. COVID-19

മഹാമാരിയുമായി ബന്ധപ്പെട്ട എല്ലാ ദുരിതങ്ങളിൽ നിന്നും നാടിനെ രക്ഷിക്കാൻ ധന്യൻ കുര്യാളശ്ശേരി പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം.

കുര്യാളശ്ശേരിപ്പിതാവിൽ കർത്താവ് ചൊരിഞ്ഞ പ്രത്യേക സിദ്ധി തിരിച്ചറിഞ്ഞ്, പിതാവിനാൽ ആത്മീയമായി നയിക്കപ്പെട്ട് വൈവിധ്യമാർന്ന ജീവിതസരണികളിലൂടെ വിശുദ്ധിയുടെ സോപാനം നടന്നുകയറി ചങ്ങനാശ്ശേരി അതിരൂപതയുടെ സ്വന്തം ദൈവദാസിയായിത്തീർന്ന ചമ്പക്കുളം വല്ലയിൽ കുടുംബാംഗം ഷന്താളമ്മയുടെ 48-ാം ചരമ വാർഷികം May-25-ന് അമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന അതിരമ്പുഴയിൽ ആചരിച്ചു. പരിശുദ്ധ ത്രിത്വത്തോട് വ്യക്തിപരമായ അടുപ്പം പുലർത്തി കുർബാനയിലെ ഈശോയെ നിരന്തരം ആരാധിച്ചു ദിവ്യകാരുണ്യസ്നേഹത്താൽ ഉജ്ജ്വലിച്ച ഒരു ഹൃദയത്തിനുടമയായ അമ്മ ഒരേ സമയം ധീരതയോടെ നാടിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തനങ്ങളിലേർപ്പെടുകയും സാധുജനസേവനത്തിൽ തനതായ ശൈലി പിന്തുടരുകയും ചെയ്തു. സ്വർഗ്ഗത്തിലായിരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അമ്മയുടെ ജീവിതം നമുക്കും മാതൃകയാക്കാം.

ധന്യൻ കുര്യാളശ്ശേരിപ്പിതാവും ദൈവദാസി ഷാന്താളമ്മയും അൾത്താരയിൽ വണങ്ങപ്പെടുന്ന സുദിനം എത്രയും വേഗം സമാഗതമാകുന്നതിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കുകയും അവരുടെ സുകൃതങ്ങൾ സ്വായത്തമാക്കുവാൻ ശ്രമിക്കുകയും ചെയ്യാം.



# വി. കുർബാനയുടെ പ്രേഷിതൻ

## മാർ തോമസ് തറയിൽ

**വിശുദ്ധ കുർബാനയു**ടെ പ്രേഷിതനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിൽ പിതാവ് നിത്യതയിലേക്കു യാത്രയായിട്ട് 95 വർഷങ്ങൾ പൂർത്തിയാവുകയാണല്ലോ. ഏകദേശം ഒരു നൂറ്റാണ്ടുമുമ്പ് ചങ്ങനാശ്ശേരി അതിരൂപതയുടെ അമരക്കാരനായി ആത്മീയശുശ്രൂഷ നിർവ്വഹിച്ച്, തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ ദൈവമഹത്വത്തിനായി പൂർത്തിയാക്കി കടന്നുപോയ കർമ്മയോഗിയായ വന്ദ്യപിതാവിന് ആദരാഞ്ജലികൾ. കേവലം 38-ാമത്തെ വയസ്സിൽ വലിയൊരു വികാരിയാത്തിന്റെ ആത്മീയനേതൃത്വമേറ്റെടുത്ത പിതാവ് ദീർഘവീക്ഷണത്തോടെ നടത്തിയ ഇടപെടലുകൾ എന്നും സ്മരണീയമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാനം വി. കുർബാനയായിരുന്നു. ആത്മീയമായ അടിത്തറയിൽ തന്റെ പ്രവർത്തനങ്ങളെല്ലാം അദ്ദേഹം ക്രമീകരിച്ചു. ദിവ്യകാരുണ്യ ആരാധനാസന്യാസിനിസമൂഹത്തിന്റെ സ്ഥാപനത്തിലൂടെ നവീകരണത്തിന്റെ ആത്മീയതയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. വിദ്യാഭ്യാസമേഖലയിൽ കേരളത്തിന്റെ തിലകക്കുറിയായി നിൽക്കുന്ന ചങ്ങനാശ്ശേരി എസ്. ബി. കോളേജ് സ്ഥാപിക്കുകയും അനേകം സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. അതിരൂപതയുടെ ഭൗതികാസ്തികൾ വർധിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചു. തിരുവിതാംകൂർ രാജകുടുംബവുമായുള്ള ബന്ധവും സഹോദരമെത്രാന്മാരുമായുള്ള ആത്മബന്ധവുമെല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ സവിശേഷതകളായിരുന്നു.

ബഹുമുഖപ്രതിഭയായിരുന്ന പിതാവ് തന്റെ വിശുദ്ധമായ ജീവിതംകൊണ്ട് അതിരൂപതയ്ക്കു ശക്തമായ അടിത്തറപാകി. ഈ അവസരത്തിൽ നമുക്കു വന്ദ്യപിതാവിന്റെ നന്മകൾ ഓർക്കാം. അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതം നമുക്കെന്നും വഴികാട്ടിയാകട്ടെ.

1925 ജൂൺ 2 ന് റോമിൽവച്ച് ദിവംഗതനായ പിതാവിനെ റോമിലെ പ്രൊപ്പഗാന്താ സെമിത്തേരിയിൽ കബറടക്കുകയായിരുന്നു. പിതാവിന്റെ ഭൗതികശരീരം പത്തുവർഷങ്ങൾക്കുശേഷം അഭി. കാളാശ്ശേരി പിതാവ് 1935 ജൂലൈ 25 ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ കൊണ്ടുവന്ന് കബറടക്കിയതിന്റെ 85 വർഷം കൂടി ആചരിക്കുന്ന ഈ വേളയിൽ പുണ്യപിതാവിന്റെ സ്മരണകൾക്കുമുമ്പിൽ പ്രാർത്ഥനാപൂർവ്വം ശിരസ്സുനമിക്കാം.

"

**കേരളത്തിൽ സാമുദായിക മുന്നേറ്റങ്ങളുടെയും വിദ്യാഭ്യാസ വളർച്ച യുടെയും കാലഘ ട്ടത്തിൽ വ്യക്തമായ ദിശാബോധത്തോടെ ക്രൈസ്തവ സമൂഹ ത്തെയും ഒപ്പം പൊതു സമൂഹത്തെയും നയിച്ച വ്യക്തിയാണ് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ്.**

# കുര്യാളശ്ശേരി പിതാവും വിദ്യാഭ്യാസ ദർശനവും

**മാർ ജോസഫ് പവ്വത്തിൽ**

**അഭിവന്ദ്യ** തോമസ് കുര്യാളശ്ശേരി പിതാവിന്റെ കാലഘട്ടം പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്നതും ശ്രദ്ധേയവുമായിരുന്നു. പിതാവിന്റെ ശുശ്രൂഷയുടെ കാലഘട്ടത്തിലാണ് സീറോമലബാർ സഭയിലെ ഹയരാർക്കിയുടെ സ്ഥാപനവും ചങ്ങനാശ്ശേരി രൂപതയായിമാറുന്നതും (1923). ഒന്നാംലോകമഹായുദ്ധത്തിന്റെയും തൊണ്ണൂറ്റി യൊമ്പതിലെ വെള്ളപ്പൊക്കത്തിന്റെയും കാലഘട്ടം കൂടി ആയിരുന്നു ഇത്. ഒപ്പം വലിയ ഒരു സാമൂഹ്യമാറ്റത്തിന്റെയും സാംസ്കാരിക വളർച്ചയുടെയും സമയംകൂടി ആയിരുന്നു ഈ ഒന്നര ദശാബ്ദങ്ങൾ. ഈ സാമൂഹ്യ സാംസ്കാരിക മാറ്റങ്ങൾക്ക് അടിസ്ഥാനമായത് വിദ്യാഭ്യാസ രംഗത്തെ ഗണ്യമായ വളർച്ചതന്നെയാണ്. കുര്യാളശ്ശേരി പിതാവിന്റെ നേതൃത്വത്തിലും പ്രോത്സാഹനത്തിലും വളർന്നു വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്.

സാമുദായിക മുന്നേറ്റങ്ങളുടെ കാലഘട്ടമായിരുന്നു ഇത്. 1903 ൽ ഡോ. പൽപ്പുവിന്റെയും ശ്രീനാരായണഗുരുവിന്റെയും നേതൃത്വത്തിൽ രൂപം കൊണ്ട എസ്.എൻ.ഡി.പി.യും 1907 ൽ ശ്രീ. അയ്യങ്കാളിയുടെ

ധീരമായ നേതൃത്വത്തിൽ രൂപം കൊണ്ട സാധുജനപരിപാലന സംഘവും 1908 ൽ രൂപം കൊണ്ട ബ്രാഹ്മണരുടെ യോഗക്ഷേമസഭയും 1914 ൽ ശ്രീ.മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ രൂപം കൊണ്ട നായർസർവ്വീസ് സൊസൈറ്റിയും (എൻ.എസ്.എസ്.) അഭിവന്ദ്യ കുര്യാളശേരി പിതാവിന്റെ കാലഘട്ടത്തിൽ ശക്തമായി വളർന്നു വന്നിരുന്നു. ക്രൈസ്തവരാകട്ടെ അതാതു രൂപതകളുടെ അല്ലെങ്കിൽ ഭദ്രാസനങ്ങളുടെ അധിപന്മാരായ മെത്രാന്മാരുടെ നേതൃത്വത്തിലാണ് വളർച്ച കൈവരിച്ചത്. ഈ വിദ്യാഭ്യാസ സാമുദായിക വളർച്ചയുടെ ഭാഗമായി അവകാശ ബോധവും വർദ്ധിച്ചുവന്നു. 1891 ലെ മലയാളി മെമ്മോറിയലും, 1896 ലെ ഈഴവ മെമ്മോറിയലും 1920 ലെ പൗരസമത്വവാദവും അവർ സമർപ്പിച്ച മെമ്മോറാണ്ടവും എല്ലാം ഈ അവകാശബോധത്തിന്റെ സാക്ഷ്യം കൂടിയാണ്.

1911 ഡിസംബർ 3-ാം തീയതി ശ്രീലങ്കയിലെ കാൻഡിയിൽ വച്ചാണ് ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കയും പെല്ലാ രൂപതയുടെ സ്ഥാനികമെത്രാനുമായി അഭിവന്ദ്യ കുര്യാളശേരി പിതാവ് അഭിഷിക്തനായത്. മടങ്ങി എത്തിയ ഉടനെ ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിൽ നടന്ന സമ്മേളനത്തിൽ ഈ സ്കൂളിനെ ഒരു കോളേജ് ആയി ഉയർത്തുകയാണ് തന്റെ ലക്ഷ്യമെന്നും പ്രഖ്യാപിച്ചു. അതിനുവേണ്ടി എന്തു പ്രയാസവും നേരിടാൻ താൻ തയ്യാറാണെന്ന പ്രഖ്യാപനത്തെ നിറഞ്ഞ കൈയ്യടികളോടെയാണ് പൗരപ്രമുഖരും വിദ്യാർത്ഥികളും നിറഞ്ഞ സദസ്യർ സ്വീകരിച്ചത്. കേവലം അടിസ്ഥാന വിദ്യാഭ്യാസം മാത്രമല്ല ഉന്നത വിദ്യാഭ്യാസത്തിനും സാദ്ധ്യതകൾ തേടുന്ന നിലപാടാണ് പിതാവിനുണ്ടായിരുന്നത്. തിരുവിതാംകൂറിലോ കൊച്ചിമഹാരാജ്യത്തിലോ ക്രൈസ്തവർക്ക് സ്വന്തമായി ഒരു കോളേജുപോലും ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് പിതാവ് തന്റെ നിലപാട് പ്രഖ്യാപിച്ചതെന്നും ഓർക്കണം. അങ്ങനെ 1922 ൽ കുര്യാളശ്ശേരി പിതാവ് ചങ്ങനാശ്ശേരിയിൽ ബർക്കുമൻസ് കോളേജിന് തുടക്കം കുറിച്ചു.

സമുദായങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന രീതിയാണ് കുര്യാളശേരി പിതാവിന്റെ കാലത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിനും ഉണ്ടായിരുന്നത്. അദ്ദേഹം ഭരണമേറ്റ 1884 ൽ സർക്കാർ സ്കൂളുകളുടെ എണ്ണം 252 ആയിരുന്നു. 1915-16 ൽ അത് 1045 ആയി വർദ്ധിച്ചു. അംഗീകാരമുള്ള സ്വകാര്യവിദ്യാലയങ്ങളാകട്ടെ 632 ൽ നിന്നും 1393 ആയും വർദ്ധിപ്പിച്ചു. വിദ്യാഭ്യാസം തേടുന്ന വിദ്യാർത്ഥികളുടെ ശതമാനമാകട്ടെ 13 ൽ നിന്നും 62 ആയി വർദ്ധിച്ചു. മധ്യതിരുവിതാംകൂറിൽ ഈ വളർച്ചയ്ക്ക്

ഏറ്റവും അധികം സംഭാവന നൽകിയത് കുര്യാളശേരി പിതാവിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി വികാരിയാത്തായിരുന്നു.

സി.എം.എസ്. മിഷനറിമാർ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കത്തോലിക്കാ വിദ്യാർത്ഥികളെ അയയ്ക്കാൻ പാടില്ല എന്ന ഒരു പൊതുനിലപാട് കത്തോലിക്കർക്കു ഉണ്ടായിരുന്നു. പ്രൊട്ടസ്റ്റന്റ് വിശ്വാസം കുട്ടികളിൽ കടന്നുകൂടാൻ ഇടയുണ്ട് എന്ന ഭയപ്പാടു കൊണ്ടാണ് ഇങ്ങനെ ഒരു നിലപാട് സ്വീകരിച്ചത്. അതുകൊണ്ടു തന്നെ മിഷനറിമാർ ആരംഭിച്ച ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ അയയ്ക്കാതെ കേവലം അടിസ്ഥാന വിദ്യാഭ്യാസം കൊണ്ടു തൃപ്തിപ്പെടുന്ന രീതിയാണ് കത്തോലിക്കരുടെ ഇടയിൽ പൊതുവേ ഉണ്ടായിരുന്നത്. കുര്യാളശ്ശേരി പിതാവ് വികാരിയാത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ രണ്ടു ഹൈസ്കൂളുകളും മൂന്നോ നാലോ മിഡിൽ സ്കൂളുകളും ഏതാനും എൽ.പി.സ്കൂളുകളും 425 കളരികളുമായിരുന്നു വികാരിയാത്തിലുണ്ടായിരുന്നത് എന്നാണു കണക്ക്.

1916 ആകുമ്പോഴേക്കും സർക്കാർ രേഖകളനുസരിച്ച് തിരുവനന്തപുരം, മാവേലിക്കര, തിരുവല്ല, കോട്ടയം, ചങ്ങനാശ്ശേരി, മീനച്ചിൽ താലൂക്കുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം നല്കാൻ കഴിഞ്ഞിരുന്നുവെന്നു കാണാം. അതിൽ തിരുവല്ല, കോട്ടയം, ചങ്ങനാശ്ശേരി, മീനച്ചിൽ താലൂക്കുകൾ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ ഭാഗമായിരുന്നല്ലോ. കുര്യാളശ്ശേരി പിതാവ് വിദ്യാഭ്യാസരംഗത്തു നല്കിയ നേതൃത്വം അതിനു കാരണമായെന്നു നിസംശയം പറയാം.

പിതാവിന്റെ കാലത്ത് തന്റെ പ്രവർത്തന മേഖലയിലെല്ലാം തന്നെ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു അദ്ദേഹം നേതൃത്വം നല്കി. ധാരാളം പ്രൈമറി സ്കൂളുകളും, ആൺകുട്ടികൾക്കുവേണ്ടി കുറവിലങ്ങാട്, രാമപുരം, കൈനകരി, കുറുമ്പനാടം, ചമ്പക്കുളം, പ്രവിത്താനം, ഭരണങ്ങാനം, മണിമല തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും ആരംഭിച്ചു. സ്ത്രീവിദ്യാഭ്യാസത്തിനും പിതാവ് വളരെയേറെ പ്രാധാന്യം നല്കി. അവർക്കുവേണ്ടി ചങ്ങനാശ്ശേരി കർമ്മലീത്താ മഠത്തിനോടനുബന്ധിച്ച് ഹൈസ്കൂളും വാഴപ്പള്ളിയിൽ ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളും മുത്തോലിയിലും കണ്ണാടിയുറുമ്പിലും അതിരമ്പുഴയിലും ഇംഗ്ലീഷ് മിഡിൽ സ്കൂളും സ്ഥാപിച്ചു. പെൺകുട്ടികൾക്കു സുരക്ഷിതമായി താമസിച്ചു പഠിക്കാൻ കോൺവെന്റുകളോടു ചേർന്നു സൗകര്യങ്ങളൊരുക്കാനും പിതാവ് നിർദ്ദേശം നല്കിയിട്ടുണ്ട്.

1920 ആകുമ്പോഴേക്കും തിരുവിതാംകൂറിൽ 12 ഹൈസ്കൂളുകളും 17 മിഡിൽ സ്കൂളുകളും കത്തോലിക്കരുടേതായി ഉണ്ടായിരുന്നു. അതിൽ 8 ഹൈസ്കൂളുകളും ചങ്ങനാശ്ശേരി വികാരിയാത്തിൽത്തന്നെ ആയിരുന്നുവെന്നതും പ്രത്യേകം സ്മരിക്കേണ്ടതാണ്.

കേവലം വിദ്യാലയങ്ങൾ ആരംഭിക്കുകമാത്രമല്ല അവിടെയെല്ലാം ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കാനും പിതാവ് ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടു തന്നെയാണ് വികാരിയത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനുമായി 1918 ൽ ഒരു വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിച്ചത്. റവ.ഫാ. കോശി മമ്പലം ആയിരുന്നു ഡയറക്ടർ, റവ. ഫാ. എം.എം. തോമസ് കറസ്പോണ്ടന്റ് ആയും പ്രവർത്തിച്ചു. 1950 ൽ ആരംഭിച്ച കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസിന്റെ ആദ്യരൂപമായിരുന്നു ഇതെന്നു പറയാം.

കത്തോലിക്കാ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാർത്ഥി സംഘടനയ്ക്കു രൂപംനല്കുന്നതിനുള്ള ആലോചനാ യോഗം 1916 മെയ് മാസം 11-ാം തീയതി എസ്.ബി.ഹൈസ്കൂളിൽവച്ചു കൂടിയതായി സ്കൂൾ രേഖകളിൽ കാണാം. കുര്യാളശ്ശേരി പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ച ഈ സമ്മേളനത്തിൽ വച്ചാണ് ഇന്നത്തെ കെ. സി.എസ്.എൽ രൂപമെടുത്തത്. എല്ലാ കത്തോലിക്കാ സഭകളിലെയും വിദ്യാർത്ഥികൾക്കായി പൊതുവിൽ ഒരു സംഘടന എന്ന ആശയമാണ് അന്ന് അംഗീകരിക്കപ്പെട്ടത്. ലത്തീൻകാരും സുറിയാനിക്കാരും തെക്കുംഭാഗരും വടക്കുംഭാഗരും അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരുമായ എല്ലാ കത്തോലിക്കാ വിദ്യാർത്ഥികളും ഒന്നിച്ചു പ്രവർത്തിക്കുന്ന ഒരു സംഘടനയായി ഈ വിദ്യാർത്ഥി സംഘടന പ്രവർത്തിക്കണമെന്ന തീരുമാനത്തിലാണ് സമ്മേളനം എത്തിച്ചേർന്നത്.

തിരുവിതാംകൂറിൽ എസ്.ബി. കോളേജ് ആരംഭിക്കുന്നതിന് മുമ്പ് കത്തോലിക്കരുടേതായ ഒരു കോളേജും ഉണ്ടായിരുന്നില്ല. ക്രൈസ്തവരുടേതായി നാഗർകോവിലിലെ സ്കോട്ട് മെമ്മോറിയൽ കോളേജും കോട്ടയത്തെ സി.എം.എസ്. കോളേജും ആലുവായിലെ യു.സി. കോളേജുമാണ് ഉണ്ടായിരുന്നത്. വളരെയേറെ സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോയ ഒരു കാലഘട്ടമായിരുന്നു അത്. അന്നത്തെ കൊല്ലം രൂപതാ മെത്രാനായിരുന്ന ബിഷപ് ബെൻസിഗർ കൊല്ലം രൂപതയ്ക്കു സ്വന്തമായി ഒരു കോളേജ് ആരംഭിക്കാൻ കഴിയുകയില്ലെന്നും അതുകൊണ്ട് തിരുവിതാംകൂറിലെ ആദ്യത്തെ കത്തോലിക്കാ കോളേജിനെ പിന്തുണയ്ക്കുന്നു എന്നു പറഞ്ഞ് 15000

**വിദ്യാഭ്യാസവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന പാഠ്യപദ്ധതിയും വിജ്ഞാനവും വിവേകവും ഉള്ള യുവജനങ്ങൾക്കു രൂപം നല്കുന്ന കലാലയസം സ്കാരവും രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ ദർശന മായിരുന്നു കുര്യാളശ്ശേരി പിതാവിന്റേതെന്നു നിസ്സംശയം നമ്മൾക്കു പറയാം.**

രൂപ സംഭാവന നല്കി എന്നതും ശ്രദ്ധേയമായ കാര്യമാണ്.

1927 ൽ രണ്ടു ഡിഗ്രികോഴ്സുകൾ എസ്.ബി. കോളേജിൽ ആരംഭിച്ചു. വളരെയേറെ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന ഈ സംരംഭം ഏറ്റെടുക്കുകയായിരുന്നു രൂപതാധികാരികൾ. അങ്ങനെ ഒരു ഫസ്റ്റ്ഗ്രേഡ് കോളേജായി എസ്.ബി. കോളേജ് അക്കാലത്ത് മാറി. 1936 ൽ സർ സി.പി. വൈസ് ചാൻസിലർ ആയി തിരുവിതാംകൂർ യൂണിവേഴ്സിറ്റി രൂപപ്പെട്ടപ്പോൾ അതിലുണ്ടായിരുന്ന സർക്കാരിതര കോളേജുകളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിച്ചിരുന്നതും കോഴ്സുകൾ ഉണ്ടായിരുന്നതുമായ കോളേജായിരുന്നു എസ്.ബി. കോളേജ്.

കേരളത്തിൽ സാമുദായിക മുന്നേറ്റങ്ങളുടെയും വിദ്യാഭ്യാസ വളർച്ചയുടെയും കാലഘട്ടത്തിൽ വ്യക്തമായ ദിശാബോധത്തോടെ ക്രൈസ്തവ സമൂഹത്തെയും ഒപ്പം പൊതുസമൂഹത്തെയും നയിച്ച വ്യക്തിയാണ് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ്. ഇന്നു പലരും നവോത്ഥാന കാലഘട്ടമെന്നൊക്കെ വിശേഷിപ്പിക്കുന്ന കാലയള വിൽ വിദ്യാഭ്യാസത്തിനും വിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കും പിതാവു കൊടുത്ത പ്രാധാന്യം ഉദാത്തമായ സാമൂഹ്യ ദർശനത്തിന്റെ സാക്ഷ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയും അദ്ധ്യാപകരുടെ അഭ്യുന്നതിയും എല്ലാം പിതാവ് ശ്രദ്ധചെലുത്തിയ മേഖലകളായിരുന്നുവെന്നു കാണാം.

പെൺകുട്ടികളുടെ വിദ്യാഭ്യാസവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന പാഠ്യപദ്ധതിയും വിജ്ഞാനവും വിവേകവും ഉള്ള യുവജനങ്ങൾക്കു രൂപം നല്കുന്ന കലാലയസംസ്കാരവും രൂപപ്പെടുത്തുന്ന വിദ്യാ ഭ്യാസ ദർശനമായിരുന്നു കുര്യാളശ്ശേരി പിതാവിന്റേതെന്നു നിസ്സംശയം നമുക്കു പറയാം. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിൽ മാറ്റി നിർത്താനാവാത്ത വ്യക്തിയാണ് ധന്യനായ പിതാവ്. ■

ഇടയൻ




# വികാരിയച്ചന്റെ കത്ത്

ഈശോയിൽ പ്രിയപ്പെട്ടവരേ,

എല്ലാവർക്കും എന്തൊക്കെ ഉണ്ട് വിശേഷങ്ങൾ? നേരിൽ കണ്ടിട്ട് വളരെ നാളായല്ലോ. മാർച്ച് മാസത്തിൽ ആരംഭിച്ച ലോക്ക് ഡൗൺ ചില ഇളവുകളോടെ ഇപ്പോഴും തുടരുകയാണല്ലോ. ആരാധനാലയങ്ങൾ എന്ന് തുറക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് നിശ്ചയമില്ല. കോവിഡ് 19 എന്ന മഹാമാരി കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. വി. കുർബാന ഓൺലൈനിലും, ടി.വി.യിലും മറ്റും സംബന്ധിക്കാനേ സാധിക്കുന്നുള്ളല്ലോ. ഈ അവസരം കുടുംബ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുവാനും ഭക്ഷിക്കുവാനും ഒന്നിച്ചിരുന്നു സംസാരിക്കുവാനും സാധിക്കണം. ബൈബിൾ വായനയും യാമപ്രാർത്ഥനകളും, ജപമാലയും മുടക്കം കൂടാതെ നടത്തണം. വീട്ടുപരിസരത്ത് അടുക്കളത്തോട്ടം, കോഴി വളർത്തൽ, മീൻ വളർത്തൽ ഇവയൊക്കെ ആരംഭിക്കണം. ദൈവവിശ്വാസത്തിലും ആത്മീയതയിലും അടിത്തറയുള്ള ജീവിതങ്ങൾക്കേ പ്രതിസന്ധികളെ നേരിടാൻ സാധിക്കൂ. സാമ്പത്തികശേഷിയും, ആയുധബലവുമൊക്കെയുള്ള രാജ്യങ്ങൾ കൊറോണ എന്ന പരമാണുവിന്റെ മുമ്പിൽ പകച്ചുനിൽക്കുന്നു. എല്ലാത്തിന്റെയും അധിപനായ ദൈവത്തിൽ ആശ്രയിക്കാനും നമ്മുടെ നിസ്സാരത മനസ്സിലാക്കാനും എളിമയോടെ ജീവിക്കാനും ഈ സാഹചര്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.



**ദൈവവിശ്വാസത്തിലും ആത്മീയതയിലും അടിത്തറയുള്ള ജീവിതങ്ങൾക്കേ പ്രതിസന്ധികളെ നേരിടാൻ സാധിക്കൂ. രാജ്യങ്ങൾ കൊറോണ എന്ന പരമാണുവിന്റെ മുമ്പിൽ പകച്ചുനിൽക്കുന്നു. എല്ലാത്തിന്റെയും അധിപനായ ദൈവത്തിൽ ആശ്രയിക്കാനും നമ്മുടെ നിസ്സാരത മനസ്സിലാക്കാനും എളിമയോടെ ജീവിക്കാനും ഈ സാഹചര്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.**




ജൂൺ 2 ന് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 95–ാം ചരമവാർഷികം നാം ആചരിച്ചു. ചങ്ങനാശേരി അതിരൂപതയെ അതിന്റെ ശൈശവഘട്ടത്തിൽ, ആത്മീയ ചൈതന്യത്തിലും, എല്ലാതലത്തിലുമുള്ള പുരോഗതിയുടെ പാതയിലേക്കു നയിച്ച വ്യക്തിത്വമായിരുന്നു മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റേത്. അദ്ദേഹം ഭരണഭാരം ഏറ്റെടുക്കുമ്പോൾ ചങ്ങനാശേരി വികാരിയാത്ത് പടയൊഴിഞ്ഞ പടക്കളംപോലെ ആയിരുന്നു. വികാരിയാത്തിൽ സുവിശേഷാധിഷ്ഠിതമായ ഒരു ആദ്ധ്യാത്മിക ജീവിതം പടുത്തുയർത്തുക തന്റെ പ്രധാന ചുമതലയായി അദ്ദേഹം കണ്ടു. എല്ലാം ക്രിസ്തുവിൽ നവീകരിക്കുക എന്നതായിരുന്നു അദ്ദേഹം സ്വീകരിച്ച ആദർശവാക്യം. വി. കുർബാനയിൽ കേന്ദ്രീകൃതമായ ക്രിസ്തീയ ജീവിതത്തിനുമാത്രമേ കാലത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സാധിക്കുകയുള്ളു എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

കുടുംബങ്ങളെ ആത്മീയമായും ഭൗതികമായും അധഃപതിപ്പിക്കുന്ന മദ്യപാനംപോലുള്ള തിന്മകളെ ദുരീകരിക്കാൻ കർശന നടപടികൾ കൈക്കൊണ്ടു. നമ്മുടെ സമുദായം വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ആ കാലഘട്ടത്തിൽ സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം മനസിലാക്കിയ പിതാവ് രൂപതയുടെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഉത്സാഹം കാണിച്ചു. എസ്.ബി. കോളേജ് ഈ ദർശനത്തിന്റെ ഫലമാണ്. അദ്ദേഹം സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാ സമൂഹം, സ്ത്രീ വിദ്യാഭ്യാസമേഖലയിൽ ഫലപ്രദമായ സേവനം അനുഷ്ഠിക്കുന്നതിന് വേണ്ട പ്രചോദനവും പ്രേരണയും അദ്ദേഹം നൽകി. സാമൂഹികമായി അധഃസ്ഥിതരും അടിച്ചമർത്തപ്പെട്ടവരുമായ ദളിത് വിഭാഗങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. എല്ലായിടത്തും തുല്യപരിഗണന ലഭിക്കുവാൻ തക്കവണ്ണം അദ്ദേഹം കല്പന പുറപ്പെടുവിച്ചു.

രൂപതയ്ക്ക് സാമ്പത്തിക അടിത്തറ നൽകുന്നതിന് അക്ഷീണം പരിശ്രമിച്ച അദ്ദേഹത്തിന്റെ രൂപതാഭരണശുശ്രൂഷാ പതിനാലു വർഷം നീണ്ടുനിന്നു. അദ്ദേഹത്തിന്റെ പ്രവർത്തനവിജയങ്ങൾക്കെല്ലാം അടിസ്ഥാനം അദ്ദേഹത്തിൽ ജ്വലിച്ചുനിന്ന ആത്മീയ ചൈതന്യവും, ദൈവാശ്രയബോധവും സേവനസന്നദ്ധതയുമായിരുന്നു.

1925-ൽ ആദ്‌ലിമിന സന്ദർശനത്തിനായി റോമിൽ പോയ മാർ തോമസ് കുര്യാളശ്ശേരി പിതാവ് റോമിലെ സെന്റ് ബർത്തലോ ദീപിലുള്ള ചാരിറ്റി ബ്രദേഴ്സിന്റെ ആശുപത്രിയിൽ വച്ച് യുറേമിയാ രോഗം മൂലം ജൂൺ 2-ാം തീയതി കാലംചെയ്തു. ജൂൺ 4ന് റോമിലെ പ്രൊപ്പഗാന്താ സിമിത്തേരിയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു. പിതാവിന്റെ ഭൗതികാവശിഷ്ടം നാട്ടിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കണമെന്ന് ഉദ്ദേശമുണ്ടായിരുന്ന അദ്ദേഹത്തിന്റെ സെക്രട്ടറി റവ. ഡോ. ജെയിംസ് കാളാശേരി ആവശ്യമായ മുൻകരുതൽ ചെയ്താണ് മൃതദേഹം പ്രൊപ്പഗാന്താ സിമിത്തേരിയിൽ സംസ്കരിച്ചത്. പത്ത് വർഷത്തിനുശേഷം മൃതദേഹം അടക്കം ചെയ്തിരിക്കുന്ന പേടകം നാട്ടിൽ കൊണ്ടുവന്ന് വളരെ ആഘോഷമായി 1935 ജൂലൈ 25-ാം തീയതി ചങ്ങനാശേരി കത്തീഡ്രൽ പള്ളിയുടെ മദ്ബഹായിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു. വീണ്ടും അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം 2015 മാർച്ച് 25 ന് കബറിടപള്ളിയിലെ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു.

1983-ൽ പിതാവിന്റെ നാമകരണ നടപടികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. 1985-ൽ ദൈവദാസൻ ആയി. 1991-ൽ നാമകരണനടപടികൾ സംബന്ധിച്ചുള്ള അതിരൂപതാ നടപടികൾ പൂർത്തിയാക്കി റോമിൽ തിരുസംഘത്തിന് സമർപ്പിച്ചു. 2011 ഏപ്രിൽ 2ന് ധന്യപദവിയിലേക്ക് ഉയർത്തി. നടപടികൾ പൂർത്തിയാക്കി പിതാവിനെ അൾത്താരയിൽ വണങ്ങുന്ന സുദിനം കാണാൻ നമുക്കെല്ലാവർക്കും തീഷ്ണമായി പ്രാർത്ഥിക്കാം. വന്ദ്യപിതാവിന്റെ വൈസ് പോസ്റ്റുലേറ്ററായി കഴിഞ്ഞ 16 വർഷക്കാലം വലിയ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന മദർ ബഞ്ചമിൻ മേരി എസ്.എ.ബി.എസിന്റെ പെട്ടെന്നുള്ള വേർപാട് നമ്മെയെല്ലാം ദുഃഖത്തിലാഴ്ത്തി. അമ്മയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. ഇടവകയ്ക്കും സഭയ്ക്കും ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

മനുഷ്യകുലം ഇന്നു നേരിടുന്ന രണ്ടു വലിയ പ്രശ്നങ്ങളാണ് കാലാവസ്ഥ വ്യതിയാനവും, കോവിഡ് 19 എന്ന മഹാമാരിയും. രണ്ടു പ്രശ്നങ്ങൾക്കുമുള്ള ചികിത്സ ഒന്നുതന്നെ. അത്യാവശ്യമല്ലാത്ത എല്ലാ ഇടപെടലുകളും ഒഴിവാക്കുക, കുറച്ചുകൊണ്ടുവരിക. ലോക

ത്താകെ ആശങ്കയുടെ നാളുകളാണ് കടന്നുവരിക. തൊഴിൽ നഷ്ടം, സാമ്പത്തികഭാരം, കൃഷിനാശം, തൊഴിൽ മേഖലയുടെ അനിശ്ചിതാവസ്ഥ, പ്രകൃതി ദുരന്തം, പട്ടിണി, ഭക്ഷ്യക്ഷാമം ഇതൊക്കെ വരുമെന്ന് ആശങ്കപ്പെടുന്നു. പണക്കാരനും പാവപ്പെട്ടവനും ചുരുങ്ങിയ വരുമാനത്തിൽ ജീവിക്കാൻ പഠിക്കണം. നമ്മുടെ ജീവിത രീതി ലളിതമാകണം. ആഢംബരങ്ങൾ ഉപേക്ഷിക്കണം. മദ്യപാനവും മറ്റും ഉപേക്ഷിക്കണം.

കൃഷിമേഖലയിലും വൻമാറ്റങ്ങൾ നാം കാണാനിരിക്കുന്നു. ഭക്ഷ്യ സ്വയംപര്യാപ്തത നമ്മുടെ ലക്ഷ്യമാക്കണം. പച്ചക്കറി, മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ ഉൾനാടൻ മത്സ്യ ഉൽപാദനം എന്നീ മേഖലകളിൽ നേട്ടങ്ങൾ സ്വന്തമാക്കണം. വ്യക്തികളിലും സമൂഹത്തിലും പൊതുവേ ശുചിത്വബോധം ഉയരണം. കൈ കഴുകൽ, മാസ്ക് ധരിക്കൽ, ഷെയ്ക്ക് ഹാൻഡ് ഒഴിവാക്കൽ ഇവയ്ക്കെല്ലാം പ്രോത്സാഹനം നൽകണം. നമ്മെ നേരിടുന്ന ഈ പ്രതിസന്ധികൾ അതിജീവിക്കാൻ നമുക്കു സാധിക്കും. മനുഷ്യന്റെ ഏറ്റവും വലിയൊരു സിദ്ധിയാണ് ദുരന്തങ്ങളെ അതിജീവിക്കാൻ അവനു സാധിക്കും എന്നത്. ജീവിതത്തിലെ നഷ്ടങ്ങളെ നേരിടാനും അവയിൽനിന്ന് പുതിയ ഊർജ്ജത്തോടെ തിരിച്ചുവരാനും മനുഷ്യനു കഴിയും. ഇതിന് 4 കാര്യങ്ങളാണ് മനഃശാസ്ത്രജ്ഞന്മാർ പറയുന്നത്. നല്ല ബന്ധങ്ങൾ ഉണ്ടാക്കുക, മാനസിക സന്തോഷം, പോസിറ്റീവായ ചിന്തകൾ, സഹായം തേടൽ ഇവയൊക്കെ ഉണ്ടെങ്കിൽ പ്രശ്നങ്ങളെ അതിവേഗം നേരിടാൻ സാധിക്കും.

സാമൂഹിക അകലം പാലിച്ചാൽ കൊറോണ വൈറസിന്റെ വ്യാപനത്തെ കുറയ്ക്കാൻ സാധിക്കും. പക്ഷെ ഇല്ലാതാക്കാൻ സാധിക്കുകയില്ല. നമുക്കിനി വേണ്ടത് സാമൂഹിക ഐക്യമാണ്. നമ്മുടെ വ്യക്തിപരമായ സുരക്ഷിതത്വത്തെക്കാൾ പൊതുജനാരോഗ്യത്തിനായി പരസ്പരം കൈ കോർക്കാൻ സാമൂഹ്യ ഐക്യം നമ്മെ പ്രചോദിപ്പിക്കും.

ശരീരത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കാൻ അനാവശ്യമായ ഭയത്തിൽനിന്നും വിമുക്തി പാലിക്കണം. ശാരീരിക വ്യായാമം ചെയ്യുക. ആവശ്യത്തിന് ഉറങ്ങുക. ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, കൂടുതൽ വെള്ളം കുടിക്കുക, വ്യായാമം ചെയ്യുക ഇതൊക്കെയാണ് കൊറോണയെ പ്രതിരോധിക്കാനുള്ള ജീവിതക്രമം. പ്രാണയാമവും, ധ്യാനവും നല്ല മാനസിക വ്യായാമമാണ്.

ദിവസങ്ങളോളം ലോക്ക്ഡൗണിൽ കഴിഞ്ഞ് മാനസികമായും, സാമ്പത്തികമായും ബലഹീനമായ അവസ്ഥയിൽ കഴിയുന്ന ധാരാളം പേരുണ്ട്. ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് വരുന്ന പ്രവാസികളുണ്ട്. അ

> **സ്വയം മുറിച്ചുകൊടുക്കുവാനുള്ള മനസ്സ് നമ്മിൽ രൂപപ്പെടണം. എന്റേത് എന്നു പറഞ്ഞ് ഒന്നും വച്ചുകൊണ്ടിരിക്കാതെ എല്ലാം അവനായി മുറിച്ചു കൊടുക്കണം. അവസാന തുള്ളി രക്തവും, വെള്ളവും ചിന്തി നമ്മെ സ്നേഹിച്ച കർത്താവിനെപ്പോലെ അവസാന ശ്വാസംവരെയും ഈശോയ്ക്കായി നില കൊള്ളാൻ നമുക്കു കഴിയണം.**

വർക്കെല്ലാം പ്രത്യാശയുടെ ചിന്തകൾ പരസ്പരം നൽകാൻ നമുക്കു സാധിക്കണം. കഴിഞ്ഞ നൂറ്റാണ്ടിൽ എത്ര മഹായുദ്ധങ്ങളാണ് ലോകം അതിജീവിച്ചത്. എത്രയോ പകർച്ചവ്യാധികൾ, ഭൂമികുലുക്കങ്ങൾ പ്രളയങ്ങൾ, സുനാമി. ഇതുകൊണ്ടൊന്നും മനുഷ്യ ജീവിതം പരാജയപ്പെട്ടില്ല. പരാജയപ്പെട്ടതു പ്രത്യാശയില്ലാത്ത മനുഷ്യൻ മാത്രം.

ക്വാറന്റെനിലാക്കുന്നതും, ഐസൊലേഷനിലാക്കുന്നതും സമൂഹത്തിന് അവരോടുള്ള കരുതലാണ്. ഈ രോഗം സുഖപ്പെടാൻ സാധ്യത ഏറെയുള്ളതിനാൽ പ്രത്യാശയോടെ മുൻകരുതൽ എടുക്കാൻ തയ്യാറാകണം. മാനസികവും ആത്മീയവുമായ ഒരുക്കം ഈ പ്രതിസന്ധിഘട്ടത്തിൽ നമ്മുടെ കരുത്തായി മാറണം. സഹായിക്കാൻ ഏറെപ്പേരുണ്ടെന്നും, നിരാശപ്പെടാനൊന്നുമില്ലെന്നും, ധീരതയോടെ ജീവിക്കുകയാണ് വേണ്ടതെന്നും ബോധ്യപ്പെടുന്നവർക്ക് ഏതു പ്രതിസന്ധിഘട്ടത്തെയും നേരിടാൻ സാധിക്കും. നമുക്ക് ഒന്നിച്ച് ഈ പ്രതിസന്ധിഘട്ടത്തെ നേരിട്ട് വിജയിക്കാം.

ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തേയ്ക്കു നാം പ്രവേശിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകുന്ന കാലമാണിത്. പന്തക്കുസ്താക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോകുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. അറിവിന്റെ മണ്ഡലത്തിൽനിന്നുകൊണ്ടുള്ള സാക്ഷ്യമല്ല, അനുഭവത്തിന്റെ തലത്തിൽ നിന്നുള്ള സാക്ഷ്യമാണ് കർത്താവ് ആഗ്രഹിക്കുന്നത്. വി. യോഹന്നാൻ പറയുന്നു: ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു (1 യോഹ. 1:1-2).

പഴയ നിയമത്തിലെ പ്രവാചകന്മാർ തങ്ങൾ അനുഭവിച്ചറിഞ്ഞ

ദൈവത്തെയാണ് സാക്ഷ്യപ്പെടുത്തിയത്. അനുഭവിച്ചറിഞ്ഞവർ പങ്കു വയ്ക്കുമ്പോൾ അതിനു തീവ്രതയുണ്ട്. കള്ളനെ കണ്ടിട്ട് കുരയ്ക്കുന്ന പട്ടിയും, ആ കുര കേട്ടു കുരയ്ക്കുന്ന പട്ടിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. കണ്ടിട്ട് കുരച്ചാൽ ചങ്കു പൊട്ടിയാലും കുരച്ചുകൊണ്ടിരിക്കും. കേട്ടിട്ടു കുരച്ചാൽ കുറച്ചുകഴിയുമ്പോൾ തളരും. അപ്പസ്തോലന്മാരും, രക്തസാക്ഷികളുമെല്ലാം കർത്താവിനെ കണ്ടിട്ടു കുരച്ചവരാണ്. നമ്മിൽ ഭൂരിപക്ഷവും കേട്ടിട്ടു കുരയ്ക്കുന്നവരാണ്. ആരെങ്കിലും ഒന്നെതിർത്തു പറഞ്ഞാൽ നമ്മൾ തകരുകയും തളരുകയും ചെയ്യും.

കർത്താവിന്റെ സാക്ഷികളായിത്തീരണമെങ്കിൽ ചില അടിസ്ഥാന ബോധ്യങ്ങളും, യോഗ്യതകളും ആവശ്യമാണ്. ഒന്നാമതായി പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കണം. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു വിരുദ്ധമായി യാതൊന്നും ചെയ്യാതിരിക്കുക. രണ്ടാമതായി ഞാൻ ദൈവത്താൽ അയയ്ക്കപ്പെട്ട വ്യക്തിയാണെന്നും, ലോകസ്ഥാപനത്തിനുമുമ്പുതന്നെ യേശുക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവനാണെന്നുമുള്ള ബോധ്യത്തിൽ മുന്നേറുക. കർത്താവ് എന്നെ അയച്ചതാണെന്നും എനിക്കു പൂർത്തിയാക്കാൻ ഉത്തരവാദിത്വങ്ങളുണ്ടെന്നുമുള്ള ബോധ്യത്തിൽ നാം വളരണം.

സ്വയം മുറിച്ചുകൊടുക്കുവാനുള്ള മനസ്സ് നമ്മിൽ രൂപപ്പെടണം. എന്റേത് എന്നു പറഞ്ഞ് ഒന്നും വച്ചുകൊണ്ടിരിക്കാതെ എല്ലാം അവനായി മുറിച്ചു കൊടുക്കണം. അവസാന തുള്ളി രക്തവും, വെള്ളവും ചിന്തി നമ്മെ സ്നേഹിച്ച കർത്താവിനെപ്പോലെ അവസാന ശ്വാസം വരെയും ഈശോയ്ക്കായി നിലകൊള്ളാൻ നമുക്കു കഴിയണം. ക്രൈസ്തവ സഭ വളർന്നതു ഇങ്ങനെയുള്ള വ്യക്തികളിലൂടെയാണ്. ഗുരുവിനെപ്പോലെ ശിഷ്യനും, ദൈവാനുഭവത്തിൽ എരിഞ്ഞു സ്വയം മറന്നു സമർപ്പിക്കുമ്പോൾ ജീവിതം സാക്ഷ്യമായി മാറും. 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' എന്നു ഈശോ പറഞ്ഞു. നമ്മെ കാണുന്നവൻ കർത്താവിനെ കാണുന്നുവെന്നു പറയാൻതക്കവിധം നമ്മുടെ ജീവിതത്തെ നമുക്കു ക്രമീകരിക്കാം.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 95-ാം ചരമ വാർഷികം ആഘോഷങ്ങളില്ലാതെയാണ് ഈ വർഷം ആചരിച്ചത്. അദ്ദേഹം ജീവിച്ച വിശുദ്ധിയുടെ പാതയിൽ നമുക്കും ചരിക്കാം. കൊറോണ വൈറസിനെ ദൈവാശ്രയ ബോധത്തോടെ നമുക്കു നേരിടാം. പരിശുദ്ധാത്മാവിൽ നിറഞ്ഞ് പുതിയ വ്യക്തികളായി ഈശോയ്ക്ക് സാക്ഷ്യം വഹിക്കാം. ഈശോ നമ്മളെയെല്ലാം അനുഗ്രഹിക്കട്ടെ.

**വികാരിയച്ചൻ**

# കനിവിന്റെ മാലാഖ

**സി. റോസ്മി കൊച്ചുപുരയ്ക്കൽ SABS**
ജെയ്റാണി പ്രൊവിൻസ്, പഞ്ചാബ്

**ദിവ്യകാരുണ്യത്തിൻ** നാഥനാമീശോയെ
മാലോകരെല്ലാമറിഞ്ഞിടേണം
തീക്ഷ്ണതയേറിയ മാർ തോമ്മാമെത്രാൻ
ദിവ്യകാരുണ്യസഭയും സ്ഥാപിച്ചു

ദിവ്യകാരുണ്യത്തിൻ സവിധേ വസിച്ചു
അതിരറ്റ കാരുണ്യം ശീലിച്ചു താതൻ
കാരുണ്യമായ് മാറി, കാരുണ്യമേകി
ദിവ്യകാരുണ്യത്തിൻ പ്രേഷിതനായി

വസൂരി, കോളറ, പകരുന്ന വ്യാധികൾ
താണ്ഡവമാടിയ നാളിലാ താതൻ
കുടിലുകൾ തന്നിലോ എരിയുംചിരാതായ്
സർവർക്കും സാന്ത്വനസ്നേഹമായി



പല്ലക്കിൽ യാത്ര ചെയ്തൊരാ നാളിൽ
ദീനനാം പുലയന്റെ രോദനം കേട്ടാറെ
നിർത്തീ യാത്ര, ഇറങ്ങിയാ കുടിലിൽ
ദർശിച്ച കാഴ്ചകൾ ഹൃദയം പിളർന്നു

ആർത്തരെയാശ്വസിപ്പിച്ചൻപെഴും താതനീ
പ്രേഷിതർ നമ്മോടിന്നോതിടുന്നു
'ശിമയോനായ്' മാറുകയേന്തുക ക്രൂശുകൾ
വേറോനിക്കയെപ്പോൽ, രക്തവദനം തുടയ്ക്ക

പുണ്യതാതാ അങ്ങേ സ്മരയ്ക്കുമുന്നിൽ
അഞ്ജലീബദ്ധരായ് നിന്നിടുമ്പോൾ
ആർദ്രസ്നേഹത്താൽ സോദരപാദം
കഴുകുവാൻ സ്നേഹം, വിനയമേകൂ

**ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ**

| | | | |
|---|---|---|---|
| 1. | ചികിത്സാ സഹായം | – | 1,35,500 |
| 2. | വിവാഹ സഹായം | – | 1,30,000 |
| 3. | മൃതസംസ്കാരസഹായം | – | 40,000 |
| | | | ------ |
| | | | 3,05,500 |



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: കാലഘട്ടത്തിന്റെ ഇടയൻ

സി. ഡോ. തെരേസ നടുപ്പടവിൽ SABS

## 1. ആമുഖം

''എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും'' (ജറെ 3:15). ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക എന്ന നിലയിലും, ചങ്ങനാശ്ശേരി രൂപതയുടെ ആദ്യമെത്രാനെന്ന നിലയിലും ശുശ്രൂഷ നിർവഹിച്ച, മാർ തോമസ് കുര്യാളശ്ശേരി, ജ്ഞാനത്തോടും വിവേകത്തോടും കൂടെ കാലഘട്ടത്തിന്റെ പ്രത്യേകതകളെ തിരിച്ചറിഞ്ഞ് അജഗണത്തെ നയിക്കുവാൻ ദൈവം ഇഷ്ടപ്പെട്ടു തെരഞ്ഞെടുത്ത വ്യക്തിയായിരുന്നു. തിരുസ്സഭയോടു ചേർന്ന്, സമകാലീനരായ പാപ്പാമാരുടെ ആത്മീയതയും പ്രബോധനവും ഹൃദയപൂർവം ഏറ്റുവാങ്ങി അത് സ്വതസിദ്ധമായ വിശുദ്ധിയോടും ഭക്തിയോടും ചേർത്തുവച്ച് തന്റെ സർവകഴിവുകളോടുംകൂടി, സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി പരിശ്രമിച്ച പിതാവ് 'കാലഘട്ടത്തിന്റെ ഇടയനാ'യിരുന്നു. 2020 ജൂൺ 2-ാംതീയതി, ഇപ്പോൾ 'ധന്യ'പദവിയിലായിരിക്കുന്ന നമ്മുടെ വന്ദ്യതാതന്റെ 95-ാം ചരമവാർഷികം ആചരിക്കുമ്പോൾ, തന്റെ ഇടയദൗത്യം അക്കാലഘട്ടത്തിൽ

അദ്ദേഹം എപ്രകാരം വിനിയോഗിച്ചു എന്നു മനസ്സിലാക്കുന്നത്, ഏറെ പ്രത്യേകതകളുള്ള ഇക്കാലഘട്ടത്തിൽ, നമുക്കും ഉചിതമായി പ്രവർത്തിക്കുന്നതിന് പ്രചോദനകരമാകും.

## സമകാലീനരായ പാപ്പാമാരുടെ വഴിയേ

ധന്യനായ പിതാവിന്റെ 52 വർഷത്തെ ജീവിതകാലത്ത്, തിരുസ്സഭയുടെ പരമാചാര്യന്മാരായിരുന്നത് അഞ്ചു പാപ്പാമാരാണ്. ദീർഘകാലം തിരുസ്സഭയെ നയിച്ച ഒമ്പതാം പീയൂസ് പാപ്പായുടെ (1846–1878) കാലഘട്ടത്തിൽ ജനിച്ച പിതാവ് (1873) പതിനൊന്നാം പീയൂസ് പാപ്പായുടെ പരമാചാര്യത്വത്തിന്റെ (1922–1939) കാലത്താണ് ദിവംഗതനാകുന്നത് (1925). ഇതിനിടയിൽ പിതാവിനെ സ്വാധീനിച്ചിട്ടുള്ള പാപ്പാമാർ മൂന്നുപേരാണ്. പിതാവ് റോമിൽ വൈദികപഠനം നടത്തുമ്പോഴും വൈദികപട്ടം സ്വീകരിക്കുമ്പോഴും പതിമൂന്നാം ലെയോ മാർപ്പാപ്പ ആയിരുന്നു പരമാചാര്യപദത്തിലായിരുന്നത് (1978–1903). പിന്നീട്, മെത്രാനായി അവരോധിക്കപ്പെടുന്നത് (1911) പത്താം പീയൂസ് പാപ്പായുടെ കാലത്തും (1903–1914), തന്റെ ഇടയദൗത്യത്തിന്റെ ഏറിയപങ്കും നിർവഹിക്കുന്നത് ബെനഡിക്ട് പതിനഞ്ചാമൻ പാപ്പായുടെ കാലത്തും (1914–1922) ആണ്.

ഈ മൂന്നു പാപ്പാമാരുടെ കാലഘട്ടം ചില പൊതുവായ സവിശേഷതകൾ കൊണ്ടു ശ്രദ്ധേയമായിരുന്നു. വ്യാവസായിക, ശാസ്ത്രീയ, സാമ്പത്തികമേഖലകളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ ലോകം ദർശിച്ച കാലഘട്ടമായിരുന്നു അത്. അതോടു ചേർന്ന് മുതലാളിത്ത, സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥകൾ രൂപപ്പെട്ട കാലം, ഒന്നാം ലോകമഹായുദ്ധകാലം (1914–1918), അതിനു മുമ്പും ശേഷവുമുള്ള കാലം എന്നിങ്ങനെ വളർച്ചയും തളർച്ചയും ഒന്നിനൊന്നു ലോകത്തിൽ പ്രകടമായ കാലഘട്ടമായിരുന്നു അത്.

സാമ്പത്തികാസമത്വങ്ങളും സാമൂഹ്യാനീതിയും കൊടുമ്പിരിക്കൊണ്ടിരുന്ന അക്കാലഘട്ടത്തിൽ സഭയുടെ ആദ്യ സാമൂഹികപ്രബോധനമായ റേരും നൊവാരും (1891) എന്ന വിശ്വപ്രസിദ്ധമായ ചാക്രികലേഖനം ലെയോ മാർപ്പാപ്പായുടെ സംഭാവനയായപ്പോൾ ഒന്നാം ലോകമഹായുദ്ധാനന്തരകാലത്തിന്റെ അവർണനീയ ദുരിതത്തിലൂടെ കടന്നുപോകുന്ന ജനതയ്ക്ക് 'സുവിശേഷ'മെത്തിക്കുന്നതിന് സഭയെ ആകമാനം ഉത്തേജിപ്പിച്ച സഭയുടെ പ്രഥമ പ്രേഷിതപ്രബോധനരേഖയായ മാക്സിമും ഇല്ലൂദ് ബെനഡിക്ട് പതിനഞ്ചാമൻ പാപ്പായുടെ മഹത്തായ സംഭാവനയാകുന്നുണ്ട്. മൂന്നു പാപ്പാമാരും സഭയുടെ

മാതാവായ മറിയത്തെ ഈ ദുർഘടസന്ധിയിൽ ഉള്ളുതുറന്നു വിളിച്ചു. ജപമാല, വിശ്വാസികൾക്ക് തങ്ങളുടെ സഹന, പരീക്ഷണ കാലങ്ങളിൽ വിജയത്തിന്റെ ഉപകരണമാകേണ്ടതിന് മാതൃകകൊണ്ടും പ്രബോധനംകൊണ്ടും അവർ പ്രചോദനമേകി. ജപമാലയുടെ ശക്തിയെക്കുറിച്ചുതന്നെ 11 ചാക്രികലേഖനങ്ങൾ എഴുതിയ ലെയോ പതിമൂന്നാമൻ പാപ്പാ ജപമാലയുടെ പാപ്പാ (Rosary Pope) എന്നു വിളിക്കപ്പെട്ടു. 'ക്രിസ്തുവിൽ എല്ലാം നവീകരിക്കുക' (Instaurare Omnia in Christo) എന്ന ലക്ഷ്യവുമായി പത്താം പീയൂസ് പാപ്പാ ആരാധനാക്രമത്തിലും സഭാനിയമത്തിലും വരുത്തിയ നവീകരണങ്ങൾ, അവിശ്വാസികളായി മാറുന്നവരുടെ എണ്ണം അഭൂതപൂർവമായി വർധിച്ച ആ സാഹചര്യത്തിൽ, 'വിശ്വാസത്തെയും യുക്തിയെയും' ഭിന്നധ്രുവങ്ങളിൽ നിർത്താതെ ഏകോപിപ്പിക്കുന്നുണ്ട്. വി. കുർബാനയുടെ വലിയ ഭക്തനായിരുന്ന പാപ്പാ അനുദിനദിവ്യകാരുണ്യസ്വീകരണം, ആദ്യകുർബാനസ്വീകരണത്തിനുള്ള പ്രായപരിധി ഇളവ് എന്നീ നവീകരണങ്ങളാലും ശ്രദ്ധേയനായി, 'ദിവ്യകാരുണ്യത്തിന്റെ പാപ്പാ' എന്ന അപരനാമത്താൽ വിളിക്കപ്പെട്ടു. ലാളിത്യത്തിന്റെ ആൾരൂപമായിരുന്ന പാപ്പാ, അഭയാർഥികൾക്ക് അപ്പസ്തോലികമന്ദിരത്തിൽത്തന്നെ ഇടംനൽകി കാലഘട്ടത്തിന്റെ ആവശ്യങ്ങളോടു ക്രിസ്തുവിന്റെ മനസ്സോടെ പ്രതികരിച്ചു.

ബാല്യത്തിൽത്തന്നെ സഹജഗുണമായി പ്രശോഭിച്ചിരുന്ന ദൈവമാതൃഭക്തി, ലെയോ പതിമൂന്നാമൻ പാപ്പായുടെ കാലത്ത് റോമിലെ പ്രൊപ്പഗാന്ത കോളെജിൽ പഠിക്കുമ്പോൾ പിതാവിൽ അനന്യസാധാരണമായ വിധത്തിൽ വർധമാനമാകുന്നതും ശിഷ്ടകാലമത്രയും തുടരുന്നതും നാം കാണുന്നുണ്ട്. മാതൃകയാലും ഉപദേശത്താലും മാതൃഭക്തിയിലേയ്ക്ക് വിശ്വാസികളെ ആകർഷിച്ച അദ്ദേഹത്തിന്റെ ഇടയലേഖനങ്ങളിൽ ദൈവമാതാവിനക്കുറിച്ചു പ്രബോധിപ്പിക്കുന്നതിന് സാധ്യമായ എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്നതായി കാണാം. ജപമാലഭക്തിയെക്കുറിച്ചുതന്നെ ഏഴു ഇടയലേഖനങ്ങൾ പിതാവ് എഴുതിയിട്ടുണ്ട് (9, 14, 24, 35, 43, 53, 93).

'ദിവ്യകാരുണ്യത്തിന്റെ പാപ്പാ'യുടെ സമകാലികനായിരുന്ന പിതാവ്, 'ദിവ്യകാരുണ്യത്തിന്റെ മെത്രാൻ' എന്നു വിളിക്കപ്പെട്ടു. ദിവ്യകാരുണ്യഭക്തിയാൽ ജ്വലിച്ച പിതാവ്, ആ ജ്വാലയുടെ താപ, തേജസ്സുകളാൽ അനേകരെ വി. കുർബാനയിലേക്ക് ആനയിച്ചു. ദിവ്യകാരുണ്യത്തിൽ പ്രകടമായിരിക്കുന്നത് അവിടുത്തെ തിരുഹൃദയത്തിൽ ജ്വലിക്കുന്ന ഒരിക്കലും അവസാനിക്കാത്ത സ്നേഹമാണെന്ന്

ആവർത്തിച്ചു പ്രബോധിപ്പിക്കുന്ന പിതാവിന്റെ ഇടയലേഖനങ്ങൾക്കിടയിൽ നൂറാമത്തെ ഇടയലേഖനം ഭക്ത്യാധിക്യത്താൽ, ഏറെ കാവ്യാത്മകമാകുന്നുമുണ്ട്.

വേദപ്രചാരവിഷയത്തിൽ വിശ്വാസികളുടെ കടമ പിതാവ് ഊന്നിപ്പറയുന്നത് സമകാലീനനായ ബെനഡിക്ട് പതിനഞ്ചാമൻ പാപ്പായുടെ തീക്ഷ്ണതകൂടി ഏറ്റുവാങ്ങിയിട്ടാവണം: ''1900-ൽപ്പരം സംവൽസരങ്ങളുടെ ശേഷം ഇത്രയും അജ്ഞാനത്തിന്റെയും അവിശ്വാസത്തിന്റെയും അന്ധകാരങ്ങളിൽ നിമഗ്നന്മാരായിരിക്കുന്ന ജനങ്ങൾക്ക് നാം ദൈവത്തിന്റെ അമിതാനുഗ്രഹങ്ങളിൽ നിന്നു കൈക്കൊണ്ടിട്ടുള്ള വിശ്വാസത്തിന്റെ വെട്ടത്തെ കാണിച്ചുകൊടുപ്പാൻ നമുക്കും നിങ്ങൾക്കും എത്രയൊ വലിയ കടമയുണ്ടായിരിക്കുന്നു'' (ഇടയലേഖനം 27). പ്രേഷിതദൗത്യത്തിന്റെ ദൈവശാസ്ത്രപരവും സഭാത്മകവുമായ അടിസ്ഥാനമെന്തെന്നു സയുക്തം പ്രബോധിപ്പിക്കുന്ന പിതാവ് ദൈവരാജ്യത്തിന്റെ പ്രചാരവേലയിൽ തങ്ങളുടെ ജീവനും ജീവിതവും സമർപ്പിച്ചവരായ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരെയും, പ്രത്യേകം നമ്മുടെ പിതാവായ വി. തോമായെയും തുടർന്ന് സഭയിലുണ്ടായ പ്രേഷിതവിശുദ്ധരെയും ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ, സീറോ മലബാർ സഭയുടെ ഹയരാർക്കി സ്ഥാപനത്തിന്റെ (1923) കാലഘട്ടത്തിൽത്തന്നെ കുര്യാളശ്ശേരിപ്പിതാവ് തന്റെ പ്രബോധനങ്ങളിലൂടെയും മറ്റു പ്രായോഗികമാർഗങ്ങളിലൂടെയും സഭയുടെ പ്രേഷിതത്വത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് അടിത്തറയിട്ടു.

## കാലഘട്ടത്തിനുചേർന്ന സാമൂഹ്യപ്രതിബദ്ധത

ലോകചരിത്രത്തിൽ പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിലുണ്ടായ സങ്കീർണസാഹചര്യങ്ങൾ കേരളത്തിലും പ്രതിഫലിക്കാതിരുന്നില്ല. ഒന്നാംലോകമഹായുദ്ധത്തിന്റെ കാലം ഈശ്വരനിഷേധത്തിന്റെയും, മുതലാളിത്ത, സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരത്തിന്റെയും കാലമായിരുന്നു. സമയത്തിന്റെ പ്രത്യേകതകളെ പഠിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കാൻ ഏതു ക്ലേശവും ഏറ്റെടുക്കുന്നതിനു സന്നദ്ധത കാണിക്കുകയും ചെയ്ത പിതാവ് അന്നത്തെ വിസ്തൃതമായ ചങ്ങനാശ്ശേരി രൂപതയ്ക്കും അതിലൂടെ കേരളസമൂഹത്തിനും നൽകിയ മാതൃകയും സംഭാവനയും അവിസ്മരണീയമാണ്. അത് ആത്മീയമണ്ഡലത്തിൽ മാത്രമല്ല, മത, വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ നൽകിയ നന്മയും ഉന്മേഷവും സ്വാധീനവും ഒട്ടും ചെറുതല്ല.

ദൈവം തന്നെ ഭരമേൽപ്പിച്ച അജഗണങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചും, അജ്ഞതയും അന്ധവിശ്വാസവും അകറ്റി അനേകരെ വിശ്വാസത്തിലേയ്ക്കാനയിച്ചും പിതാവു നൽകിയ പ്രബോധനങ്ങൾ കാലാനുസാരിയും കാലാതീതവുമാണ്. ലോകചരിത്രത്തിന്റെ പാഠങ്ങളെ പറഞ്ഞുകൊടുത്തും, നിത്യസത്യങ്ങളുടെ ലളിതമായ വ്യാഖ്യാനം നടത്തിയും സത്യവിശ്വാസത്തെക്കുറിച്ചുള്ള ഉറച്ച ബോധ്യം നൽകിയ പിതാവ്, ജനത്തിന്റെ ധാർമികമായ വളർച്ചയെ ഏറെ കാമ്യമായി കരുതി. വിദ്യാഭ്യാസ ലക്ഷ്യമായി പിതാവ് കണ്ടത് സമഗ്രവ്യക്തിത്വവികസനവും ജീവിതനിലവാരത്തിന്റെ ഉയർച്ചയുമായിരുന്നു. ദരിദ്രരെയും, താഴ്ന്ന ജാതിയിൽ പെട്ടവരെന്നു കരുതിയിരുന്നവരെയും അവഗണിക്കപ്പെട്ടിരുന്ന സ്ത്രീത്വത്തെയും മുഖ്യധാരയിലേക്കു കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങൾ വെല്ലുവിളി നിറഞ്ഞതും നിലനിൽക്കുന്ന സത്ഫലങ്ങൾ ഉളവാക്കിയവയുമായിരുന്നു. ചുരുക്കത്തിൽ കേരളസഭയുടെ മാത്രമല്ല, കേരളസമൂഹത്തിന്റെ തന്നെ സമഗ്രമായ വളർച്ചയ്ക്ക് വലിയ സംഭാവന നൽകിയ പിതാവ്, 'കാലഘട്ടത്തിന്റെ ഇടയ'നെന്നു നാമിന്നു തിരിച്ചറിയുന്നു.

കോവിഡ്-19 എന്ന പകർച്ചവ്യാധി ഇക്കാലഘട്ടത്തിനു നൽകുന്ന ദുരിതവും ലോകംമുഴുവൻ വരുത്തിക്കൊണ്ടിരിക്കുന്ന നിർണായക മാറ്റങ്ങളും ഭാവാത്മകമായി കാണുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനും, കാലഘട്ടത്തിന്റെ പ്രത്യേകതകളെ തിരിച്ചറിഞ്ഞ മാർപ്പാപ്പമാരുടെയും, അവരോടു ചേർന്നു നിന്ന് തന്നെ ഭരമേൽപ്പിച്ച ദൗത്യത്തെ പൂർണതയോടെ നിറവേറ്റുകയും ചെയ്ത പിതാവിന്റെയും ആത്മീയതയും നന്മകളും നമ്മുടെ മുമ്പിൽ പ്രകാശിക്കട്ടെ! പ്രത്യാശയോടുകൂടി മുന്നേറുന്നതിന് നമുക്ക് ഇടയാകട്ടെ! ▪



## അഭിനന്ദനങ്ങൾ

**മഹാത്മാഗാന്ധി സർവകലാശാല
കലോത്സവത്തിൽ
ലളിതഗാനമത്സരത്തിൽ
ഒന്നാം സ്ഥാനം കരസ്ഥമാക്കിയ
അമൽ സോണി കരിമറ്റം**




# ഒരു നിരീക്ഷണ പറക്കൽ

ഫാ. മാത്യു മറ്റം

"

**മതാധ്യാപകൻ തന്റെ വിജ്ഞാനം പകർന്നു കൊടുക്കുന്നവനല്ല, ഈശോ പഠിപ്പിച്ചകാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നവനാണ്. മതാധ്യാപകൻ കൈമാറുന്നത് ദൈവവിജ്ഞാനമാണ്. സർവ്വ വിജ്ഞാനവും ദൈവത്തിൽ നിന്നാകയാൽ ആ ഉറവിടത്തിൽ നിന്ന് വേണം അതു സമ്പാദിക്കാൻ. അതിനാൽ ദൈവവുമായി നിരന്തരം സമ്പർക്കം ആവശ്യമാണ് അധ്യാപകന്.**

**രവിവാരപാഠശാല-** വല്ലതും മനസ്സിലായോ? ഇല്ല. എന്നാൽ പറയാം, സൺഡേസ്കൂൾ എന്ന ഇംഗ്ലീഷ് പദങ്ങളുടെ മലയാള പരിവർത്തനമാണിത്. ഹൈക്കോടതി എന്നതിന് മലയാളത്തിൽ പേരില്ല. ദൈവം എന്നതിന് ഇംഗ്ലീഷിലും മറ്റു ഭാഷകളിലും പേരുണ്ട്. പക്ഷേ അതിന് അർത്ഥം കൽപ്പിക്കാൻ സാധിക്കുമോ? നമ്മുടെ സങ്കല്പത്തിലുള്ള ദൈവത്തിന് പരിധികളില്ല, പരിമിതികളില്ല, കാരണം അരൂപിയാണവിടുന്ന്. ഈ അരൂപിയായ ദൈവമാണ് സൺഡേസ്കൂളിലെ പഠന വിഷയം. ഈ അരൂപിയായ ദൈവത്തെ ഒന്നാം ക്ലാസ്സു മുതൽ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന പ്രക്രിയയാണ് മതാധ്യാപനം. വിശ്വാസപരിശീലനമെന്നും, വിശ്വാസകൈമാറ്റം, വിശ്വാസജീവിതകൈമാറ്റം എന്നൊക്കെ ഇതിനെ വിശേഷിപ്പി



ക്കാറുണ്ട്. ഇവിടെ അധ്യാപകനും വിദ്യാർത്ഥിയുമാണ് രണ്ടുപ്രധാന ഘടകങ്ങൾ. വിഷയം ദൈവവിജ്ഞാനം തന്നെ. എല്ലാ വിജ്ഞാനത്തിന്റെയും ഉറവിടം ദൈവം തന്നെയാകയാൽ പ്രധാനാധ്യാപകൻ ദൈവം തന്നെ. ഈശോയുടെ വാക്കുകൾ അതു വ്യക്തമാക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല; പുത്രനും, പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല. അപ്പോൾ ദൈവത്തെ അറിയാനാഗ്രഹിക്കുന്നവൻ പിതാവിനേയും പുത്രനേയും സമീപിക്കണം. അത്ര എളുപ്പമല്ലാത്തകാര്യം എളുപ്പമുള്ളതാക്കാനാണ് പിതാവ് പുത്രനെ ഭൂമിയിലേയ്ക്കയച്ചത്.

അതുകൊണ്ട് ഹെബ്രായലേഖനം 1/2 ൽ പറയുന്നു : ഈ അവസാന നാളുകളിലാകട്ടെ അവിടുന്ന് (ദൈവം) പുത്രൻ വഴി നമ്മോടു സംസാരിച്ചിരിക്കുന്നു. 1 യോഹ. 1 -ൽ നാം വായിക്കുന്നു. ''ആദിമുതലേ ഉള്ളതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും ദർശനം നടത്തിയതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെക്കുറിച്ചാണ് ഞങ്ങൾ പ്രഖ്യാപിക്കുന്നത്'' ഇവിടെ ആദ്യത്തേത് കേൾവിയിലൂടെ പ്രവാചകന്മാർ മനസ്സിലാക്കിയതാണെങ്കിൽ രണ്ടാമത്തേത് പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് മനുഷ്യൻ അനുഭവിച്ചറിഞ്ഞവയാണ്. അധ്യാപനത്തിലുള്ള വ്യാത്യാസമാണിവിടെ കാണുക. ആദ്യം അരൂപിയായ ദൈവത്തിന്റെ സ്വരം മാത്രം ശ്രവിച്ചപ്പോൾ രണ്ടാമത്, മനുഷ്യരൂപം ധരിച്ച ദൈവത്തിന്റെ സ്വരം മനുഷ്യൻ ശ്രവിച്ചു. ഇപ്പോൾ അസ്പഷ്ടത നീങ്ങി എല്ലാം സ്പഷ്ടമായി; അപൂർണ്ണതമാറി എല്ലാം പൂർണ്ണമായി. ആദ്യം സത്യം ഭാഗികമായി മാത്രം ഗ്രഹിച്ചെങ്കിൽ ഇപ്പോൾ എല്ലാം പൂർണ്ണമായി ഗ്രഹിച്ചു. അങ്ങനെ ദൈവിക സത്യത്തിന്റെ പൂർണ്ണത മുഴുവൻ ഈശോയിലൂടെ നമ്മുടെ പക്കൽ എത്തിയിരിക്കുന്നു. ഇതിലൂടെ ക്രിസ്തുമതത്തിന്റെ മഹത്വവും അനന്യതയും വ്യക്തമാവുകയാണ്. ഇതാണ് ക്രിസ്ത്യാനിയുടെ സ്വത്വവും. ഇനി പറയുക, ആരാണ് ആദ്യത്തെ മതാധ്യാപകൻ? സംശയം വേണ്ട, ഈശോ തന്നെ! തന്റെ സുവിശേഷം പഠിപ്പിക്കാനും പഠിപ്പിക്കുന്നതൊക്കെ ആചരിക്കാനും ഈശോ ആദ്യം നിയോഗിച്ചത് പന്ത്രണ്ട് അപ്പസ്തോലന്മാരെയാണ്. അവരാണ് ആദ്യത്തെ മെത്രാന്മാർ. ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിച്ച അപ്പസ്തോലന്മാർ അവർക്ക് പിൻഗാമികളായിരിക്കാൻ മെത്രാന്മാരെ അധികാരപ്പെടുത്തി. അവരിലൂടെ ആ ശ്ലൈഹിക പാരമ്പര്യം നമുക്കും കൈമുതലായി ലഭിച്ചു. ഈ ശ്ലൈഹിക കൈവയ്പ്പില്ലാത്തവരാരും അപ്പസ്തോലന്മാരുടെ പിൻഗാമികളല്ല. ഒത്തിരി

പെന്തക്കുസ്താ വിഭാഗങ്ങൾ ഈ ഗണത്തിൽപെടും. അവരുമായി നമുക്ക് ബന്ധം പാടില്ല.

മതാധ്യാപകന് നിശ്ചിതയോഗ്യതകളുണ്ടായിരിക്കണം. ചൂലെടുത്തുകൊടുത്ത് പരിസരം വൃത്തിയാക്കാൻ പറഞ്ഞാൽ ഒരുവൻ തൂപ്പുകാരനാകും. എന്നാൽ പുസ്തകമെടുത്തു കൊടുത്ത് പഠിപ്പിക്കാൻ പറഞ്ഞാൽ അയാൾ അധ്യാപകനാവില്ല. മൂന്നു വർഷത്തെ പഠനപരിശീലനങ്ങൾക്കു ശേഷമാണ്, ശിഷ്യന്മാരെ ഈശോ പ്രസംഗിക്കാൻ അയയ്ക്കുന്നത്. ഈശോ പഠിപ്പിച്ചതെല്ലാം പിതാവ് പഠിപ്പിച്ചതാണ്. അവിടെ സത്യത്തിന്റെ പൂർണ്ണതയുണ്ട്. എന്റെ വചനങ്ങൾ എന്റേതല്ല, പിതാവിന്റേതാണെന്നാണ് ഈശോ പറയുന്നത്. മതാധ്യാപകൻ തന്റെ വിജ്ഞാനം പകർന്നു കൊടുക്കുന്നവനല്ല, ഈശോ പഠിപ്പിച്ച കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നവനാണ്. ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിയ്ക്കുന്ന ഏകജാതനായ പുത്രൻ തന്നെയാണ് ദൈവത്തെ വെളിപ്പെടുത്തിയത്. ദൈവപുത്രൻ വെളിപ്പെടുത്തിയവ മാത്രമാണ് അധ്യാപകൻ പഠിപ്പിക്കുന്നത്. ഈശോ സർവ്വജ്ഞാനത്തിന്റെയും ഉറവിടമാണ്. ആ ഉറവിടവുമായുള്ള അധ്യാപകന്റെ ബന്ധമാണ് അദ്ദേഹത്തിന്റെ ശക്തി. അധ്യാപകൻ ഈശോയെ അറിയുന്നതുപോലെ അധ്യേതാവിനേയും അറിയണം, അവന്റെ കുടുംബപശ്ചാത്തലവും അറിയണം. ശിഷ്യന്മാരെ ഈശോ വ്യക്തിപരമായി അറിഞ്ഞിരുന്നു. അധ്യേതാവിന് അദ്ധ്യാപകനിൽ വിശ്വാസമുണ്ടാകണം. വിജ്ഞാനവും സ്വഭാവഗുണവും അധ്യാപന കലയും ആർജ്ജിച്ചവന് അധ്യേതാവിന്റെ വിശ്വാസം ആർജ്ജിക്കാൻ എളുപ്പമാണ്. തന്റെ പന്ത്രണ്ടാം വയസ്സിൽ, പയറ്റിതെളിഞ്ഞ ഒരാളെ പോലെയാണ് വേദപണ്ഡിതരോടു ഈശോ സംവദിച്ചത്. തുടർന്നങ്ങോട്ട് ഈശോ ആശാരിപ്പണിയോടൊപ്പം ജനങ്ങളുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കി മുപ്പതാം വയസ്സു വരെ കഴിഞ്ഞുകൂടി. തന്റെ പരസ്യജീവിതത്തിന് ഈ അറിവും അനുഭവവുമെല്ലാം ഉപകരിച്ചു. മാതാപിതാക്കളോടൊപ്പമുള്ള ജീവിതത്തിൽ നിന്ന് കുടുംബപ്രാർത്ഥനയും കുടുംബജീവിതത്തിന്റെ വിവിധമാനങ്ങളും മനസ്സിലാക്കി. ഉറങ്ങാൻ പോകുന്നതിനു മുമ്പ് ഈശോ ചൊല്ലിയിരുന്ന പ്രാർത്ഥനയുടെ മറ്റൊരു രൂപമായിട്ടാണ്, പിതാവെ, നിന്റെ തിരുക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്ന പ്രാർത്ഥനയെ വേദവ്യാഖ്യാതാക്കൾ കാണുന്നത്. ഒരുവന് കുടുംബത്തിൽ നിന്നു ലഭിക്കുന്ന നല്ല പഠന പരിശീലനം അതാണ് ഒരുവനെ പക്വത വന്ന മതാധ്യാപകനാക്കിതീർക്കുന്നത്. എന്റെ അന്വേഷണത്തിൽ ഇന്നത്തെ മാതാപിതാക്കളിൽ ഭൂരിഭാഗവും പുതിയ നിയമം

ഒരാവർത്തിയെങ്കിലും വായിച്ചിട്ടുള്ളതായി തോന്നിയിട്ടില്ല.

മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുകയും, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും, ഒന്നിച്ചിരുന്നു ദൈവവചനം വായിക്കുകയും, ഒന്നിച്ചിരുന്നു കുടുംബകാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്ന പതിവ് എത്ര കുടുംബങ്ങളിലുണ്ട്. പരസ്പരം സ്നേഹം പങ്കുവയ്ക്കുന്ന കുടുംബജീവിതത്തിന്റെ ദൈവികമായ സന്തോഷ മാണ് ഏറ്റം മനോഹരമായ അനുഭവമെന്ന്, പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പാ പറയുന്നു. ഇങ്ങനെയുള്ള കുടുംബങ്ങളിൽ നിന്നുവരുന്ന രാണ് നല്ല മതാധ്യാപകരായിത്തീരുന്നത്. അറിവിന്റെ മാത്രമല്ല അനുഭവങ്ങളുടെ കൈമാറ്റം കൂടിയാണല്ലോ അധ്യാപനം. വി. യോഹന്നാന്റെ വാക്കുകൾ ആവർത്തിക്കട്ടെ, (1 യോഹ. 1:1) ഈശോയുടെ മനസ്സ് തൊട്ടറിഞ്ഞ ആളാണ് മതാധ്യാപകൻ! അനേകർ ഈശോയുടെ പ്രബോധനങ്ങളാൽ ആകർഷിക്കപ്പെട്ട് അവിടുന്നിൽ വിശ്വസിച്ചു. ക്രൈസ്തവജീവിതം ഈശോയുടെ ജീവിതശൈലിയുടെ തുടർച്ചയാണ്. ഒരു അധ്യാപകന്റെ ജീവിതത്തിൽ നിന്ന് ഈ ശൈലി ഉൾക്കൊള്ളാൻ ഇന്നു വിദ്യാർത്ഥികൾക്കു സാധിക്കുന്നുണ്ടോ? ആദ്യത്തെ അധ്യാപകരായി ഈശോ പന്ത്രണ്ടുപേരെയാണ് തിരഞ്ഞെടുത്തത്. അതിൽ യൂദാസ് മാത്രം ഒരു പരാജയമായിരുന്നു. പകരം തെരഞ്ഞെടുക്കപ്പെട്ട മത്തിയാസ് കുറവു പരിഹരിച്ച് അധ്യാപകനായി സുവിശേഷം പ്രസംഗിച്ചു; അതായത് ഈശോ പഠിപ്പിച്ചതും പരിശീലിപ്പിച്ചതും (മത്താ. 28:19-20). അവരുടെ പിൻമുറക്കാരല്ലെ ഇന്നത്തെ സഭാശുശ്രൂഷകർ. മതാധ്യാപകരെ പരിശീലിപ്പിക്കുക ചെറിയ കാര്യമല്ല. മൂന്നുവർഷം കൂടെ കൊണ്ടുനടന്നു; അവരെ സ്നേഹിതരെന്നു വിളിച്ചു, സ്നേഹിതരുടെ ഇടയിൽ രഹസ്യങ്ങളില്ല. എല്ലാം സുതാര്യം. സ്വർഗ്ഗീയമായ രഹസ്യങ്ങൾ ഒന്നൊഴിയാതെ സ്നേഹിതരുമായി, പങ്കുവച്ചു. സ്വർഗ്ഗീയമായ അധികാരങ്ങളും നൽകി ലോകാവസാനം വരെ കൂടെയുണ്ടായിരിക്കുമെന്ന ശക്തിദായകമായ ഉറപ്പു നൽകി. ഈശോയും പിതാവും തമ്മിലുള്ള അഭേദ്യബന്ധം പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റുന്നതിലാണ് പ്രകടമായത്. മതാധ്യാപകന് ഈശോയുമായുള്ള ഈ ബന്ധം തന്റെ അധ്യാപക ജീവിതത്തിന്റെ വിജയത്തിന് അനുപേക്ഷണീയമാണ്.

> ക്ലാസു കഴിഞ്ഞ് വീട്ടിലെത്തുന്ന മകനോട്, മകളോട് ഇന്ന് അച്ചൻ പള്ളിയിൽ പറഞ്ഞത് എന്താണ്, ക്ലാസ്സിൽ അധ്യാപകർ പഠിപ്പിച്ചത് എന്താണെന്നു എത്ര മാതാപിതാക്കൾ മക്കളോട് ചോദിക്കാറുണ്ട്?

വിശുദ്ധ ഗ്രന്ഥപഠനം, പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം എന്നിവയെല്ലാം ഒരു നല്ല മതാധ്യാപകന്റെ അടയാളങ്ങളാണ്. ഇവയിൽ തല്പരനല്ലാത്ത ഒരധ്യാപകന്, ഇവയൊക്കെ ചെയ്യണമെന്ന് കുട്ടികളോട് പറയാൻ കഴിയുമോ! പിതാവിന്റെ പക്കൽനിന്നുവന്ന് മനുഷ്യനെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പഠിപ്പിച്ച ഈശോയെപോലെ, ഈശോയുടെ പക്കൽ നിന്നുവന്ന് കുട്ടികളെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പഠിപ്പിക്കുന്നവരാകണം മതാധ്യാപകർ. വെറും ചൂണ്ടുപലകകളാകരുത് അധ്യാപകർ. കവലകളിൽ സ്ഥാപിച്ചിരിക്കുന്ന ചൂണ്ടുപലകകൾ ശരിയായ ദിശ കാണിക്കും, ഒരിക്കലും അവ ആ വഴികളിലൂടെ പോകില്ല. ഈശോ പിതാവിൽ നിന്നു വന്നു, ചെയ്തു തീർക്കാൻ ഏല്പിച്ച ജോലി പൂർത്തിയാക്കി പിതാവിനെ മഹത്വപ്പെടുത്തി; ഇതുപോലെ നാമെല്ലാവരും സ്വർഗ്ഗത്തിൽ നിന്നു വന്ന് ഏല്പിച്ച ജോലി പൂർത്തിയാക്കി ദൈവത്തെ മഹത്വപ്പെടുത്തി, പിതാവിന്റെ പക്കലേയ്ക്കു മടങ്ങാനുള്ളവരാണ്. ഇത് ഒരുവന് ഒരിക്കൽ മാത്രം കിട്ടുന്ന അവസരമാകയാൽ അതിന്റെ വില അനുപമമാണ്.

മതാധ്യാപകൻ കൈമാറുന്നത് ദൈവവിജ്ഞാനമാണ്. സർവ്വവിജ്ഞാനവും ദൈവത്തിൽ നിന്നാകയാൽ ആ ഉറവിടത്തിൽ നിന്ന് വേണം അതു സമ്പാദിക്കാൻ. അതിനാൽ ദൈവവുമായി നിരന്തരം സമ്പർക്കം ആവശ്യമാണ് അധ്യാപകന്. വിശുദ്ധ ഗ്രന്ഥപഠനവും തദനുസാരമുള്ള ജീവിതവുമാണ് അധ്യാപകന്റെ മുതൽക്കൂട്ട്. ഇന്നത്തെ അധ്യാപകരിൽ എത്ര പേരുണ്ട് വി. ഗ്രന്ഥം ഒരാവർത്തിയെങ്കിലും വായിച്ചിട്ടുള്ളവർ? വേണ്ടാ, പുതിയ നിയമമെങ്കിലും. 12-ാം ക്ലാസ് വരെ പഠിച്ചിട്ടും സുവിശേഷങ്ങൾ പോലും ഒരാവർത്തി വായിക്കാത്തവർ എത്രവേണമെങ്കിലുമുണ്ട്. അവർക്കെങ്ങനെ മക്കളെ പഠിപ്പിക്കാൻ കഴിയും? ഈശോ എനിക്ക് ഇടയനും രാജാവുമാണെന്ന് വിശുദ്ധ ഗ്രന്ഥവായനയിൽ നിന്ന് പറയാൻ സാധിക്കാത്തവൻ അറിയേണ്ടത് അറിയാത്തവനാണ്. ഇങ്ങനെയുള്ളവർ ആർക്കുവേണ്ടി ജീവിക്കും, ആർക്കു വേണ്ടി മരിക്കും! ഈശോ നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി ഇതാണ്: ഞാൻ നിങ്ങൾക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തു; നിങ്ങൾ എനിക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുമോ?

ഇനി മാതാപിതാക്കൾ : കുടുംബം ഒരു കൊച്ചുസഭയാണ്. ആ സഭയുടെ അധ്യക്ഷൻ കുടുംബനാഥനും. കുടുംബത്തിന്റെ മാതൃക നസ്രത്തിലെ തിരുക്കുടുംബവും, അവിടെ ദൈവപുത്രനുണ്ട്. ദൈവത്തിന്റെ വാസസ്ഥലം ദൈവാലയമാണ്. ഓരോ കുടുംബവും ഓരോ

ദൈവാലയമാണ്, അവിടെ വസിക്കുന്നവർ ദൈവമക്കളാണ്. ഇടവകദൈവാലയം പരിശുദ്ധമായിരിക്കുന്നതുപോലെ കുടുംബമാകുന്ന ദൈവാലയവും പരിശുദ്ധമായിരിക്കണം. അതിന്റെ പരിശുദ്ധിക്ക് യോജിക്കാത്തതൊന്നും അവിടെ സംഭവിക്കരുത്. ദൈവം തരുന്ന മക്കളെ ദൈവത്തിനു വേണ്ടി വളർത്തിക്കൊള്ളാമെന്ന പ്രതിജ്ഞയെടുത്തിട്ട് വിവാഹവേദി വിട്ടിറങ്ങുന്നവർ എത്ര പേർ അത് പാലിക്കുന്നുണ്ട്. ദിശാബോധമോ ലക്ഷ്യബോധമോ ഇല്ലാത്തവർക്ക് മക്കളെ നയിക്കാൻ കഴിയുമോ? ഒരു തലമുറയിലെ മാതാപിതാക്കൾ അടുത്ത തലമുറയിലെ മക്കൾക്ക് വഴിയും വഴികാട്ടികളുമായിരിക്കണം. അവർ സഭയ്ക്കും ദൈവത്തിനും പകരം നില്ക്കുന്നവരാണ്. മാതാപിതാക്കൾക്ക് സഭയോടുള്ള സ്നേഹവും പ്രതിബന്ധതയും പ്രധാനപ്പെട്ട ഘടകങ്ങളാണ്. വിശ്വാസപരിശീലനത്തിൽ, സഭാശുശ്രൂഷകരുടെ ജീവിതത്തിലെ വീഴ്ചകളും പാളിച്ചകളും കുടുംബത്തിൽ ചർച്ചാവിഷയമാക്കുമ്പോൾ വളർന്നുവരുന്ന തലമുറകൾക്ക് തെറ്റായ സന്ദേശമാണ് നൽകുക. കഞ്ഞി വെന്തോ എന്നറിയാൻ എല്ലാ ചോറും നോക്കുകയില്ല. രണ്ടോ മൂന്നോ അരിനോക്കിയാൽ കാര്യം മനസ്സിലാകും. അതുപോലെ ഒന്നോ ഒറ്റയോ സംഭവങ്ങൾ നോക്കി എല്ലാവരും അങ്ങനെയായിരിക്കും എന്നു പറയുന്നത് ശരിയല്ല.

മതാധ്യാപകരുൾപ്പെടെയുള്ള സഭാശുശ്രൂഷകർ സഭാപ്രബോധനങ്ങളോടു പ്രതിബദ്ധത പുലർത്തുന്നവരും കൂറുള്ളവരുമാകണം. ഈശോ എന്ന ദൈവപുത്രനാണ് അവരുടെ പഠനവിഷയം. പഴയനിയമത്തിൽ ഇതു പറയാതെ പറഞ്ഞുവച്ചിരിക്കുന്നു. പുതിയ നിയമത്തിൽ വ്യക്തമായും ശക്തമായും ഈശോയെ അവതരിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു നമ്മുടെ മുഖ്യമായ പാഠപുസ്തകം പുതിയ നിയമം തന്നെ. വി. ഗ്രന്ഥത്തിൽ നിന്ന് ചില സംഭവങ്ങളോ പ്രബോധനങ്ങളോ അടർത്തിയെടുത്ത് നിരൂപണം ചെയ്ത്, പാഠപുസ്തകം തയ്യാറാക്കിയാൽ അന്ധൻ ആനയെ കണ്ട അനുഭവമായിരിക്കും ഉണ്ടാകുക. ബൈബിൾ ക്വിസ് പോലും ബൈബിൾ വായനയ്ക്കു പകരമാവില്ല. മൂന്നു വർഷം ശിഷ്യന്മാരെ പഠിപ്പിച്ച ശേഷം ഈശോ ശിഷ്യന്മാരോടു ചോദിച്ചു : ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസാണ് ശരിയുത്തരം പറഞ്ഞത്. ദീർഘനാളത്തെ പഠനത്തിനുശേഷം ഈശോ എന്റെ ഇടയനും രാജാവുമാണെന്നു പറയാൻ പഠിച്ചവനാണ് ഈശോയെ അറിഞ്ഞിട്ടുള്ളവൻ. ഈ ബോധ്യത്തിലേയ്ക്കും അനുഭവത്തിലേയ്ക്കും -അധ്യേതാവിനെ നയിക്കുന്ന അധ്യാപനമാണോ നമ്മുടേ

ത്? ഈ അനുഭവമുള്ള അധ്യാപകരാണോ നമ്മുടെ അധ്യാപകർ? ക്ലാസ്സു കഴിഞ്ഞ് വീട്ടിലേയ്ക്കു നെഞ്ചോടു ചേർത്തുവച്ചുകൊണ്ട് പോകാൻ എന്തു സന്ദേശമാണ് അധ്യാപകർ കൊടുത്തുവിടുന്നത്? ക്ലാസു കഴിഞ്ഞ് വീട്ടിലെത്തുന്ന മകനോട്, മകളോട് ഇന്ന് അച്ചൻ പള്ളിയിൽ പറഞ്ഞത് എന്താണ്, ക്ലാസ്സിൽ അധ്യാപകർ പഠിപ്പിച്ചത് എന്താണെന്നു എത്ര മാതാപിതാക്കൾ മക്കളോട് ചോദിക്കാറുണ്ട്? നീ മിശിഹായാണ്, രക്ഷകനാണ്, നീ എന്റെ കർത്താവാണ് എന്ന് പത്രോസിനും തോമ്മായ്ക്കും പറയാൻ കഴിഞ്ഞു. അതാണവരുടെ മിശിഹാനുഭവം. ഈ അനുഭവം ഉള്ള ആളാണ് യഥാർത്ഥ മതാധ്യാപകൻ. പുസ്തകം വായിച്ചു വിശദീകരിക്കുന്നവൻ പരാവർത്തനം ചെയ്യുന്നവനാണ്, ഒരേ കാര്യം മറ്റ് വാക്കുകളിൽ പറയുന്നവൻ. മതാധ്യാപകന്റെ വാക്കുകളല്ല ജീവിതമാണ് ആഖ്യാനം. സ്വന്തം ജീവിതമാണ് പഠനഗ്രന്ഥം.

ഇടവകദൈവാലയവും അവിടെ അർപ്പിക്കപ്പെടുന്ന ബലിയുമാണ് ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു. അപ്പോൾ സൺഡേസ്കൂളിലെ പഠനം ബലിയർപ്പണവും ബലി ജീവിതവും ലക്ഷ്യമാക്കിയാകണം. എങ്കിൽ ഇപ്പോഴത്തെ പഠനക്രമം തിരിച്ചാകണം; ഇന്ന് ബലിയർപ്പണം കഴിഞ്ഞാണ് പഠനം; പഠനം കഴിഞ്ഞാകണം ബലിയർപ്പണം. അപ്പോൾ വൈദികന് വി. കുർബാന അവസാനിപ്പിക്കുമ്പോൾ ജനത്തോടു പറയാൻ കഴിയും: ''ഇനി നിങ്ങളുടെ ജീവിതം ഈ ബലിയർപ്പണത്തിന്റെ തുടർച്ചയുമായിരിക്കട്ടെയെന്ന്. രാവിലെ ഉണർന്ന് നല്ല ഉറക്കത്തിനു നന്ദി പറഞ്ഞ്, പുതിയ ദിവസത്തിനു ഊർജ്ജം പകർന്നു പ്രാർത്ഥിക്കുക. ഇതൊക്കെ ഒരു നല്ല അധ്യാപകന്റെ ദിനചര്യയുടെ ഭാഗമായിരിക്കണം. അവസാനമായി, അധ്യാപകന്റെ, അധ്യാപികയുടെ വസ്ത്രധാരണവും ഹെയർ സ്റ്റൈലും മാന്യതയും അച്ചടക്കവും ഉള്ളതാകണം. ചുരുക്കത്തിൽ, മതാധ്യാപകൻ ഈശോയാകുന്ന അധ്യാപകന്റെ പിൻമുറക്കാരനാണ്. എന്റെ ജീവിതമാണ് എന്റെ മതം, പ്രബോധനവും അതു തന്നെ. ഈ അധ്യാപകനിൽ കുട്ടികൾക്ക് ഈശോയെ കാണാൻ കഴിയും. കുട്ടികളുടെ സ്നേഹവും ആദരവും വിശ്വാസവും ആർജ്ജിക്കാനും ഒരധ്യാപകനു വേണ്ടത് ഇങ്ങനെയുള്ള സവിശേഷതകളാണ്. വിദ്യാർത്ഥികളുടെ മനസ്സിലും ഹൃദയത്തിലും സൂക്ഷിച്ചുവയ്ക്കാൻ ചില ബോധ്യങ്ങളും ചിന്തകളുമായി വേണം അവർ വീട്ടിലേയ്ക്കു മടങ്ങാൻ.


## സുവർണ്ണജൂബിലി മംഗളങ്ങൾ



സന്യാസജീവിതത്തിന്റെ
സുവർണ്ണജൂബിലിയിൽ
ആയിരിക്കുന്ന,
സി.എം.സി. ചങ്ങനാശേരി
പ്രൊവിൻസിന്റെ
മുൻ പ്രൊവിൻഷ്യാളും
സി.എം.സി. സഭയുടെ
ജനറാളുമായിരുന്ന
റവ. മദർ സാങ്റ്റ CMC ക്ക്
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...

## അഭിനന്ദനങ്ങൾ... ആശംസകൾ

ചങ്ങനാശേരി
മുനിസിപ്പൽ ചെയർമാനായി
തെരഞ്ഞെടുക്കപ്പെട്ട
നമ്മുടെ ഇടവകാംഗവും
പാരിഷ് കൗൺസിൽ
അംഗവുമായ
ശ്രീ. സാജൻ ഫ്രാൻസിസിന്
ഇടവക കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ...





# ശ്രദ്ധാഞ്ജലികൾ

## സി. ബഞ്ചമിൻ മേരി SABS

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി കഴിഞ്ഞ 15 വർഷം കുര്യാളശ്ശേരി വികാസിൽ സേവനം ചെയ്തുകൊണ്ടിരുന്ന പ്രിയപ്പെട്ട ബഞ്ചമിൻ മേരിയമ്മ 22.05.2020 ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

SABS സമൂഹത്തിന്റെ ജനറൽ കൗൺസിലർ, ചങ്ങനാശേരി സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ, പ്രൊവിൻഷ്യൽ സുപ്പീരിയർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബ. അമ്മ സഭാംഗങ്ങൾക്കെല്ലാവർക്കും പ്രിയപ്പെട്ട ഒരമ്മയും അനുകരിക്കാവുന്ന മാതൃകയും ആയിരുന്നു.

അതിരമ്പുഴ സെന്റ് മേരീസ് ഹൈസ്കൂളിലും ചങ്ങനാശേരി അസംപ്ഷൻ കോളേജിലും വാഴപ്പള്ളി TTI ലും അദ്ധ്യാപകജോലി നിർവഹിച്ചു. തുടർന്ന് അമലഗിരി ബി.കെ. കോളേജിൽ 16 വർഷത്തോളം മലയാളം പ്രൊഫസറായി സേവനമനുഷ്ഠിച്ചു. യുവതലമുറയ്ക്ക് മൂല്യബോധവും വിശ്വാസാധിഷ്ഠിത പരിശീലനവും നൽകുന്നതിനും വിദ്യാർത്ഥികളും അദ്ധ്യാപകരുമായി വ്യക്തിബന്ധം പുലർത്തുന്നതിനും ഈ കാലഘട്ടത്തിൽ അമ്മയ്ക്ക് സാധിച്ചിട്ടുണ്ട്.

ചങ്ങനാശേരി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിലിലും അതിന്റെ എക്സിക്യൂട്ടീവിലും ലിറ്റർജിക്കൽ കമ്മീഷനിലെ അംഗമായും നിസ്തുലമായ സേവനം കാഴ്ചവച്ച അമ്മ അദ്ധ്യയനമണ്ഡലത്തിലെ പ്രബോധനസമിതിയുടെ അംഗമെന്ന നിലയിൽ ചങ്ങനാശേരി രൂപതയിലുള്ള എല്ലാ ഇടവകകളിലും അദ്ധ്യാപകർക്കുവേണ്ടി ക്ലാസ്സുകളും പരിശീലനപരിപാടികളും പഠനപദ്ധതികളും ആസൂത്രണം ചെയ്യുവാനും മതാദ്ധ്യാപകർ, ഭക്തസംഘടനകൾക്ക് നേതൃത്വം കൊടുക്കുന്നവർ മുതലായവർക്ക് ക്ലാസ്സുകളും സെമിനാറുകളും

നൽകുന്നതിലെ റിസോഴ്സ് പേഴ്സൺ ആയും പ്രവർത്തിച്ചിട്ടുണ്ട്. CRI യുടെ ചങ്ങനാശേരി കോട്ടയം യൂണിറ്റിന്റെ പ്രസിഡന്റായി 3 വർഷം സേവനം ചെയ്തു. ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ നാമകരണപ്രവർത്തനങ്ങളുടെ വൈസ് പോസ്റ്റുലേറ്റർ ആയി 2005 മുതൽ സേവനം അനുഷ്ഠിച്ചു.

ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിലെ പാരിഷ് കൗൺസിൽ അംഗമായും നിസ്വാർത്ഥമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കത്തീഡ്രൽ പള്ളിയിലെ കുടുംബകൂട്ടായ്മയിൽ സജീവമായ സാന്നിദ്ധ്യമായിരുന്നു ബഞ്ചമിൻ മേരിയമ്മ. കുടുംബപ്രശ്നങ്ങൾക്ക് പ്രാർത്ഥനയിലൂടെ പരിഹാരം നിർദേശിക്കാനും വ്യക്തികളുമായുള്ള അടുപ്പം വഴി ദൈവത്തിലേയ്ക്ക് അവരെ കൊണ്ടുവരുവാനും അമ്മയുടെ ഭവനസന്ദർശനങ്ങൾ കാരണമായിട്ടുണ്ട്.

കുടുംബങ്ങളേയും സമൂഹങ്ങളേയും ഒരുമയിലേയ്ക്കും സൗഹൃദത്തിലേയ്ക്കും നയിക്കുവാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിൽ ആനുകാലികപ്രസിദ്ധീകരണങ്ങളിലും പത്രമാസികകളിലും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാനും പൊതുവേദികളിൽ പ്രസംഗിക്കുവാനും അമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. 20-ൽപരം ഗ്രന്ഥങ്ങളുടെ രചയിതാവും 2016-ലെ KCBC മാധ്യമ കമ്മീഷന്റെ 'ഗുരുപൂജ' പുരസ്ക്കാര ജേതാവുമാണ്.

വേദനിക്കുന്നവർക്ക് ആത്മീയതയുടെ സാന്ത്വനം അറിയിക്കുവാൻ വെമ്പുന്ന ഒരു മാതൃഹൃദയവും അർഹതപ്പെട്ടവർക്ക് അളവില്ലാതെ കൊടുക്കുന്ന ഔദാര്യവും അമ്മയുടെ പ്രത്യേകതകളായിരുന്നു. അമ്മയുടെ കരുണാർദ്രസ്നേഹവും കരുതലും കരകവിഞ്ഞൊഴുകിയ സന്ദർഭമായിരുന്നു 2018 ലെ വെള്ളപ്പൊക്കം. ചങ്ങനാശേരി ചന്തക്കടവിലെ ബോട്ടുജെട്ടിയിലും സ്കൂളിലെ ക്യാമ്പിലും ബഞ്ചമിൻ മേരിയമ്മയുടെ സാന്നിദ്ധ്യവും സാന്ത്വനോക്തികളും എത്രയേറെ പേർക്ക് ആശ്വാസമായി.

വിശുദ്ധ കുർബാനയായിരുന്നു ബഞ്ചമിനമ്മയുടെ ശക്തികേന്ദ്രം. തിരുസാന്നിദ്ധ്യത്തിൽനിന്നും ആർജ്ജിച്ചെടുത്ത കാരുണ്യവും സ്നേഹവും പങ്കുവയ്ക്കലും പകുത്തുനൽകലുമായി അമ്മയുടെ ജീവിതം ദിവ്യകാരുണ്യസ്നേഹത്തിൽ ജ്വലിച്ചു. പരിശുദ്ധ അമ്മയോടുള്ള സവിശേഷഭക്തിയും ജപമാലയും ഏതു പ്രതിസന്ധിഘട്ടത്തിലും അമ്മയ്ക്ക് ശക്തിയും ധൈര്യവും പകർന്നു. നമ്മെ ഹൃദയംകൊണ്ടു സ്നേഹിച്ച അമ്മ സ്വർഗ്ഗത്തിൽ നമുക്കായി മാദ്ധ്യസ്ഥം വഹിക്കുന്നു എന്ന് പ്രത്യാശിക്കാം.

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | വൈശ്യന്റേടം ജേക്കബ് - അനു മകൻ ജേക്കബ് | 07 - 12 - 2019 |
| 2. | കണ്ടത്തിൽപറമ്പിൽ ഐസക് - സോണിയ മകൾ എലിസബത്ത് | 21 - 12 - 2019 |
| 3. | ചാവടിയിൽ സ്റ്റോണി - ആൻ റോസ് മകൻ ചെറിയാൻ | 26 - 12 - 2019 |
| 4. | കൂട്ടുമ്മേൽകാട്ടിൽ ബിനോജ് - ബെൻസി മകൻ യാക്കോബ് കുര്യൻ | 26 - 12 - 2019 |
| 5. | മണമേൽ മാർട്ടിൻ - ദീപാ മകൻ ഈഥൻ | 28 - 12 - 2019 |
| 6. | ചരുകുഴിയിൽ ആന്റണി - മറിയാമ്മ മകൻ വർഗീസ് | 29 - 12 - 2019 |
| 7. | വെല്ലൂർ ബിബിൻ - ഡയാന മകൾ ആനി | 31 - 12 - 2019 |
| 8. | വെല്ലൂർ എബിൻ - ശിൽപ മകൻ തോമസ് | 31 - 12 - 2019 |
| 9. | കൊല്ലമന സെബാസ്റ്റ്യൻ - എൽസബത്ത് മകൾ മറിയം | 31 - 12 - 2019 |
| 10. | കറുകയിൽ ഷിബിൻ - സൗമ്യ മകൻ സ്കറിയ | 06 - 01 - 2020 |
| 11. | കരിങ്ങട റ്റോം - അന്നു മകൻ സെബാസ്റ്റ്യൻ | 11 - 01 - 2020 |
| 12. | മാമ്മൂട്ടിൽ മാത്യു - ചിഞ്ചു മകൾ തെരേസ | 12 - 01 - 2020 |
| 13. | തെക്കേക്കര ജോ - അനു മകൻ തോമസ് | 12 - 01 - 2020 |
| 14. | പീലിയാനിയ്ക്കൽ ജൂബി - മെറി മകൻ ജോൺ | 16 - 01 - 2020 |
| 15. | ഇടശ്ശേരിപ്പറമ്പിൽ അനീഷ് - കവിത മകൾ മേരി | 18 - 01 - 2020 |
| 16. | പടിഞ്ഞാറേക്കര ജോൺ - ജിഞ്ചു മകൾ തെരേസ് | 02 - 02 - 2020 |
| 17. | പുത്തൻപുര ജിജോ - റോസ് മേരി മകൻ ജോസഫ് | 15 - 02 - 2020 |
| 18. | പുളിമൂട്ടിൽ റിനു - ബിൻസി മകൻ സെബാസ്റ്റ്യൻ | 17 - 02 - 2020 |
| 19. | പീലിയാനിക്കൽ ജൂണി - ക്രിസ്റ്റിമോൾ മകൾ എലിസബത്ത് | 22 - 02 - 2019 |
| 20. | മഞ്ചേരിക്കളം ജോസഫ് - ഏലിശ്വാ മകൾ മേരി | 26 - 12 - 2019 |
| 21. | കരിക്കംപള്ളി അരുൾ - നീത മകൻ സ്കറിയ | 28 - 12 - 2019 |
| 22. | തോണ്ടുകുഴിയിൽ ജോൺ - മേരി മകൻ എബ്രഹാം | 02 - 02 - 2020 |
| 23. | കണ്ടങ്കേരി ജോഫി - ജെസ്സി മകൾ ഫിലോമിന | 19 - 02 - 2020 |
| 24. | കണ്ടങ്കേരി ജോഫി - ജെസ്സി മകൻ ജോസഫ് | 19 - 02 - 2020 |
| 25. | പ്രക്കാടൻ ജോർജ്ജ് - കൊച്ചുത്രേസ്യ മകൻ ക്രിസ്റ്റോ | 22 - 02 - 2020 |
| 26. | അയ്യരുകുളങ്ങര ജോയൽ - റോസ്മി മകൻ ദേവസ്യ | 17.05.2020 |
| 27. | പാറക്കടവിൽ ജോമി - നമിത മകൻ ജോസഫ് | 23.05.2020 |
| 28. | കുരിശുംമൂട്ടിൽ ഷിജു - വീണാ മകൾ എലിസബത്ത് | 24.05.2020 |
| 29. | മണത്ര മാത്യു - മേരി മകൻ സെബാസ്റ്റ്യൻ | 25.05.2020 |



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കരിക്കംപള്ളിൽ സ്കറിയ-മേരി മകൻ സ്കറിയയും പീരുമേട് ഇടവക പാക്കത്ത് ജോസഫ് - മേരി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 23-12-2019
2. ഈ ഇടവക അഴിമുഖം തോമസ്-കുഞ്ഞുമോൾ മകൻ ജോസഫും നർബോനപുരം ഇടവക വരിനിലം തങ്കച്ചൻ - ത്രേസ്യാമ്മ മകൾ ബ്രിജിറ്റും തമ്മിലുള്ള വിവാഹം - 01-01-2020
3. ഈ ഇടവക തയ്യിൽ അലക്സ്-റീത്താമ്മ മകൻ ചെറിയാനും ഈ ഇടവക ഓകപ്പറമ്പിൽ കുര്യൻ-ലിസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 08-01-2020
4. ഈ ഇടവക മണമേൽ ആന്റണി-മിനി മകൻ തോമസും കറിക്കാട്ടൂർ ഇടവക ആക്കാട്ടുപുത്തൻപുരയ്ക്കൽ ജോസഫ്-ജോളി മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 11-01-2020
5. ഈ ഇടവക ചെന്നിത്തല തോമസ്-മോളി മകൻ തോമസും ചെറുവാണ്ടൂർ ഇടവക നീണ്ടുപറമ്പിൽ രാജു-ത്രേസ്യാമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 13-01-2020
6. ഈ ഇടവക പീടികത്തുണ്ടിയിൽ ജോസി-റ്റെസി മകൻ ഫ്രാൻസിസും അമ്പൂരി സെന്റ് ജോർജ്ജ് ഇടവക കുളത്തുങ്കൽ റ്റോമി-സെലീനാമ്മ മകൾ സൂസന്നയും തമ്മിലുള്ള വിവാഹം - 13-01-2020
7. ഈ ഇടവക കൊച്ചനാട്ടുകുഴി ജോൺ-റോസമ്മ മകൻ ഫിലിപ്പും ഈ ഇടവക കാവാലം പുതുപ്പറമ്പിൽ സുരേഷ് കുമാർ-അമ്പിളി മകൾ ആൻമരിയയും തമ്മിലുള്ള വിവാഹം - 14-01-2020
8. ഈ ഇടവക പുതുപ്പറമ്പിൽ അന്ത്രയോസ്-ഫിലോമിന മകൻ ആന്റണിയും മനയ്ക്കച്ചിറ ഇടവക പുതുപ്പറമ്പ് അശോകൻ-ഗീത മകൾ കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം - 18-01-2020
9. ഈ ഇടവക കുരിശുവീട്ടിൽ മാത്യു-ഷീബ മകൻ പോളും മേരിമൗണ്ട് ഇടവക ആലുങ്കൽ സണ്ണി-ശ്രീജ മകൾ മരിയയും തമ്മിലുള്ള വിവാഹം - 20-01-2020
10. ഈ ഇടവക പതാലിൽ ജോൺ-മേരിക്കുട്ടി മകൻ തോമസും കരയാംപറമ്പ് ഇടവക ഇടശ്ശേരി മാർട്ടിൻ-ഷൈനി മകൾ ഏലിയയും തമ്മിലുള്ള വിവാഹം - 22-01-2020
11. ഈ ഇടവക ആറുപറയിൽ ആന്റണി-അച്ചാമ്മ മകൻ കുര്യനും കൊടിനാട്ടുംകുന്ന് ഇടവക വലിയവീട്ടിൽ തോമസ്-ലാലി മകൾ മറിയവും തമ്മിലുള്ള വിവാഹം - 23-01-2020
12. ഈ ഇടവക കല്ലുകളം ബാബു-റ്റെസിമ്മ മകൻ ജോസഫും ദള്ളി രാജ്ഹര ഇടവക പെരേപ്പറമ്പിൽ ഫിലിപ്പ്-ജൂലി മകൾ രമ്യയും തമ്മിലുള്ള വിവാഹം - 27-01-2020
13. ഈ ഇടവക പുത്തൻപുരയ്ക്കൽ സിൽവി-ബ്രിജിറ്റ് മകൻ ജോസഫും പാറേൽ ഇടവക വൈയ്ക്കത്തുകാരൻ പൗലോസ്-കുഞ്ഞമ്മ മകൾ റോസയും തമ്മിലുള്ള വിവാഹം - 30-01-2020

14. ഈ ഇടവക കരിമറ്റം സിബി- ലിൻസി മകൻ സ്കറിയയും കുനിഞ്ഞി ഇടവക താന്നിക്കൽ ജോസ്- പോളി മകൾ മേരിയും തമ്മിലുള്ള വിവാഹം - 04-02-2020
15. ഈ ഇടവക കുരിശുംമൂട്ടിൽ ജോർജ്ജുകുട്ടി- സൂസി മകൻ ജോർജ്ജും മുരിക്കാശ്ശേരി ഇടവക ഇടയിൽ ജോർജ്ജ്- കൊച്ചുറാണി മകൾ തെരേസയും തമ്മിലുള്ള വിവാഹം - 08-02-2020
16. ഈ ഇടവക നീലത്തുംമുക്കിൽ തോമസ്- അന്നമ്മ മകൻ വർഗീസും കരിമ്പനക്കുളം ഇടവക ഏറത്തേടത്ത് തോമസ്- ത്രേസ്യാമ്മ മകൾ തെരേസാമ്മയും തമ്മിലുള്ള വിവാഹം - 10-02-2020
17. ഈ ഇടവക പാറുകണ്ണിൽ ബേബി- ജോളിമ്മ മകൻ എബ്രഹാമും ഞാറയ്ക്കാട് ഇടവക കുമ്പ ഉന്താനത്ത് ബാബു- ആലീസ് മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 12-02-2020
18. ഈ ഇടവക തുണ്ടിപ്പറമ്പിൽ ആന്റണി- മറിയാമ്മ മകൻ ജോണും തുരുത്തി ഇടവക പതിയിൽ പൊക്കത്തിൽ ദേവസ്യ- അന്നമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം - 13-02-2020
19. ഈ ഇടവക പാറക്കടവിൽ മാർട്ടിൻ- ഷൈല മകൻ തോമസും പാറമ്പുഴ ഇടവക പെരുമാലിയിൽ കുര്യാക്കോസ്- അന്ന മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 17-02-2020
20. ഈ ഇടവക പുഷ്പാഞ്ജലി (പുത്തൻപുര) ജോർജ്ജ്- പുഷ്പ മകൻ ഫിലിപ്പും മുണ്ടത്താനം ഇടവക മുരിക്കനാനിക്കൽ ജേക്കബ്- ലിസിയാമ്മ മകൾ റെയ്ച്ചലും തമ്മിലുള്ള വിവാഹം - 07-03-2020
21. ഈ ഇടവക അഴിമുഖം ജോർജ്- തങ്കമ്മ മകൻ ജോസഫും ഈ ഇടവക നാകത്തിൽ ജോസഫ് - ഓമന മകൾ അന്നയും തമ്മിലുള്ള വിവാഹം - 02-01-2020
22. ഈ ഇടവക കളത്തിൽ അബ്രഹാം- ത്രേസ്യാമ്മ മകൻ തോമസും മരട് ഇടവക മന്നപറമ്പിൽ ഫിലിപ്പോസ്- ഏലിക്കുട്ടി മകൾ എമിലിയായും തമ്മിലുള്ള വിവാഹം - 02-01-2020
23. ഈ ഇടവക പ്ലാമൂട്ടിൽ തോമസ്- ലിസി മകൻ തോമസും പൈക ഇടവക വട്ടക്കുന്നേൽ തോമസ്- മോളി മകൾ മേരിയും തമ്മിലുള്ള വിവാഹം - 02-01-2020
24. ഈ ഇടവക കാക്കാംതോട്ടിൽ ജോസഫ്- നിർമല മകൻ എബ്രഹാമും തളിപ്പറമ്പ് ഇടവക പരുവനാനിക്കൽ ആന്റണി- മേഴ്സി മകൾ മറിയാമ്മയും തമ്മിലുള്ള വിവാഹം- 09-01-2020
25. ഈ ഇടവക കുറ്റിക്കൽ രാജു- മേരി മകൻ ജോർജ്ജും ചിറ്റാർ ഇടവക കുര്യത്ത് ബാസ്റ്റിൻ- മേരി മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 11-01-2020
26. ഈ ഇടവക കരിങ്ങട ആന്റണി- സൂസമ്മ മകൻ ജോസഫും മുണ്ടക്കയം ഇടവക മറ്റപ്പറമ്പിൽ സ്കറിയ- ലെനി മകൾ അന്നയും തമ്മിലുള്ള വിവാഹം - 25.04.2020
27. ഈ ഇടവക മുപ്പത്തെട്ടിൽചിറ ജോസഫ്- മറിയാമ്മ മകൻ തോമസും മുട്ടാർ അമലോത്ഭവ ഇടവക വാലുകളം തോമസ്- റോസമ്മ മകൾ ഫിലോമിനയും തമ്മിലുള്ള വിവാഹം - 25.05.2020



# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | മാളിയേക്കൽ എം.വി. സ്കറിയ (86) | 05-12-2019 |
| 2. | പാണ്ടിശ്ശേരിയിൽ പി.ജെ. സെബാസ്റ്റ്യൻ (70) | 07-12-2019 |
| 3. | കാലായിൽ ദേവസ്യ ആന്റണി (83) | 09-12-2019 |
| 4. | മാമ്മൂട്ടിൽ സ്കറിയ മാത്യു (75) | 11-12-2019 |
| 5. | കാട്ടുപറമ്പിൽ കെ.കെ. രാജു (58) | 17-12-2019 |
| 6. | ഇടശ്ശേരിൽ ആനി ജോൺ (78) | 24-12-2019 |
| 7. | കാഞ്ഞിരത്തുംമൂട്ടിൽ തോമസ് സെബാസ്റ്റ്യൻ (71) | 23-12-2019 |
| 8. | നെൽപ്പുരയ്ക്കൽ കെ.സി. തോമസ് (74) | 24-12-2019 |
| 9. | ഇടത്തിപ്പറമ്പിൽ ഇ.പി. പോൾസൺ (57) | 24-12-2019 |
| 10. | കല്ലുകളം ജോസഫ് മാത്യു (88) | 26-12-2019 |
| 11. | ഇലഞ്ഞിപ്പറമ്പിൽ സച്ചിൻ മാർട്ടിൻ (19) | 28-12-2019 |
| 12. | പുല്ലംപ്ലാവിൽ ജിബിൻ ആന്റണി (31) | 30-12-2019 |
| 13. | പടനിലം ജോസഫ് തോമസ് (76) | 31-12-2019 |
| 14. | അഴിമുഖം വർഗീസ് തോമസ് (76) | 06-01-2020 |
| 15. | ചൂരപ്പറമ്പിൽ അന്നമ്മ ആന്റണി (100) | 14-01-2020 |
| 16. | കടിയംതുരുത്തേൽ സൈജു (38) | 20-01-2020 |
| 17. | മുല്ലശ്ശേരിൽ മേരിക്കുട്ടി സിബിച്ചൻ (50) | 21-01-2020 |
| 18. | തുണ്ടത്തിൽ മടക്കക്കുഴി ജോസഫ് കുര്യൻ (88) | 22-01-2020 |
| 19. | പുന്നശ്ശേരി സി. സിയന്ന CMC | 21-01-2020 |
| 20. | പാണാട്ടിൽ ജോസ് വർഗീസ് (68) | 27-01-2020 |
| 21. | ചിറപ്പുരയിടം സി.സി. സോജൻ (51) | 27-01-2020 |
| 22. | കുരിശിങ്കൽ കെ.കെ. ജോൺ (87) | 30-01-2020 |
| 23. | കണ്ണാടി തുണ്ടിയിൽ ത്രേസ്യാമ്മ സഖറിയാസ് (92) | 08-02-2020 |
| 24. | ചേരിപ്പറമ്പിൽ ത്രേസ്യാമ്മ (86) | 10-02-2020 |
| 25. | കുളങ്ങര പെണ്ണമ്മ (86) | 10-02-2020 |
| 26. | വയലുങ്കൽ സിനോഷ് സെബാസ്റ്റ്യൻ (38) | 10-02-2020 |
| 27. | ആലുമ്മൂട്ടിൽ ആന്റണി പോത്തൻ (90) | 12-02-2020 |
| 28. | ചെത്തിമറ്റം ലെനു സി. ടോം (49) | 14-02-2020 |
| 29. | പ്ലാംപറമ്പിൽ തോമസ് ജെയിംസ് (68) | 15-20-2020 |
| 30. | കരിങ്ങട റോസമ്മ സെബാസ്റ്റ്യൻ (85) | 15-02-2020 |
| 31. | കല്ലുകളം കെ.എ. തോമസ് (76) | 19-02-2020 |
| 32. | കല്ലുകളം കെ.ജെ. മാത്യു (84) | 21-02-2020 |
| 33. | കുരിശുംമൂട്ടിൽ പോത്തൻ ജോസഫ് (97) | 23-02-2020 |
| 34. | പടവുപുരയ്ക്കൽ കുര്യാക്കോസ് തോമസ് (75) | 01-03-2020 |

35. തയ്യിൽ ബാബു ജോർജ്ജ് (57) 05-03-2020
36. മുണ്ടകത്തിൽ കുഞ്ചെറിയ എം.വി. (66 വയസ്) - 14.03.2020
37. പെരുമ്പായിൽ ത്രേസ്യാമ്മ ചെറിയാൻ (107 വയസ്) - 18.03.2020
38. കാട്ടുപറമ്പിൽ ജെയിംസ് ദേവസ്യ (62 വയസ്) - 18.03.2020
39. മാവേലിൽ ജോസ് തോമസ് (64 വയസ്) - 20.03.2020
40. മഠത്തിപ്പറമ്പിൽ തോമസ് ആന്റണി (70 വയസ്) -22.03.2020
41. മേക്കരശ്ശേരി സണ്ണി ജോൺ (47 വയസ്) 28.03.2020
42. പ്രക്കാട്ട് പി.സി. ജോസ് - 31.03.2020
43. തേവലക്കര ജോസഫ് ആന്റണി (67 വയസ്) -11.04.2020
44. പീടികത്തുണ്ടിയിൽ കെ. കുഞ്ഞമ്മ (80 വയസ്) -17.04.2020
45. കൂടത്തിങ്കൽ ഔസേഫ് കുര്യൻ (84 വയസ്) - 18.04.2020
46. മണക്കാട്ടുതോപ്പിൽ ബാബു ജോസഫ് (52 വയസ്) - 19.04.2020
47. ആറാട്ടുകുളങ്ങര ഫിലിപ്പ് ജോസഫ് (84 വയസ്) - 23.04.2020
48. കാവാലം പുതുപ്പറമ്പിൽ അന്നമ്മ ആന്റണി (91 വയസ്) - 25.04.2020
49. വെട്ടുകുഴി ജോസഫ് തോമസ് (80 വയസ്) - 29.04.2020
50. ചക്കാലപറമ്പ് ഏലിയാമ്മ ജോർജ് (80 വയസ്) - 29.04.2020
51. മാളിയേക്കൽ ദേവസ്യ തോമസ്(73 വയസ്) - 02.05.2020
52. മേക്കരശ്ശേരി ത്രേസ്യാമ്മ മത്തായി (93 വയസ്) - 19.05.2020
53. നല്ലൂപ്പറമ്പ് തെയ്യാമ്മ (65 വയസ്) - 20.05.2020
54. നെടുംപറമ്പിൽ റോസമ്മ സ്കറിയ (87 വയസ്) - 23.05.2020

